# യൂണിറ്റ് III

# സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ

ആസ്വാദകരെ എക്കാലത്തും പ്രചോദിപ്പിച്ചുകൊണ്ടിരുന്നവയാണ് ക്ലാസിക് കൃതികൾ. അവയെ സാഹിത്യത്തിലെ നിത്യവസന്തങ്ങൾ എന്നു വിശേഷിപ്പിക്കാം,. മനുഷ്യജീവിതത്തിലെ വൈചിത്ര്യവും, വൈവിധ്യവും സൃഷ്ടിക്കപ്പെടുന്ന ഇത്തരം സാഹിത്യ സൃഷ്ടികൾ അതിരുകളില്ലാതെ എക്കാലത്തും ആസ്വദിക്കപ്പെടുന്നു. മനുഷ്യജീവിതത്തിലെയും മനുഷ്യമനസ്സിലെയും സംഘർഷങ്ങളും അവസൃഷ്ടിക്കുന്ന ദുരന്തങ്ങളും എക്കാലത്തും എഴുത്തുകാരുടെ ഇഷ്ടവിഷയങ്ങളാണ്. ഈ സംഘർഷങ്ങളെ സാഹിത്യത്തിലൂടെ ആവിഷ്ക്കരിക്കുമ്പോൾ സങ്കീർത്തനത്തിന്റെ വർണ്ണരാജികൾ വിരിയുന്നു. ഈ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് യൂണിറ്റിന് 'സംഘർഷങ്ങൾ സങ്കീർത്തനങ്ങൾ' എന്ന ശീർഷകം നൽകിയിരിക്കുന്നത്.

മലയാളത്തിലെ മികച്ച മൂന്നു രചനകളാണ് യൂണിറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. നളചരിതം ആട്ടക്കഥയിലെ ഒരു ഭാഗമായ 'പ്രലോഭനം' കുട്ടികൃഷ്ണ മാരാരുടെ 'ഭാരതപര്യടന' ത്തിലെ 'യുദ്ധത്തിന്റെ പരിണാമം' എന്ന അധ്യായം, ദസ്തയേവ്സ്കിയുടെ ജീവിതത്തെ ആസ്പദമാക്കി പെരുമ്പടവം ശ്രീധരൻ രചിച്ച 'ഒരു സങ്കീർത്തനംപോലെ' എന്ന നോവലിലെ ഒരു ഭാഗം എന്നിവയാണ് പാഠഭാഗങ്ങൾ.

## പ്രവേശകം

കല എത്രദീർഘം! സാധനാലഭ്യം

ആവൂ! ജീവിതമെത്ര ഹ്രസ്വതരം!

**ഡോക്ടർ ഫൗസ്റ്റ് (ഗോയ്ഥേ)**

### സൂചകം

- ജർമ്മൻ സാഹിത്യകാരനായ ഗോയ്ഥേയുടെ 'ഡോക്ടർ ഫൗസ്റ്റ്' എന്ന കൃതിയിലെ വരികൾ
- എന്താണ് കല? അതിന്റെ പ്രത്യേകത കണ്ടെത്തുക.
- അനശ്വരം, കാലാതിവർത്തി, ഉപാസന.............
- ജീവിതം ഹ്രസ്വമാണ്. നശ്വരമാണ്.............
- കല ജീവിതത്തെ അനശ്വരമാക്കുന്നു.
- ജീവിതവും കലയും താരതമ്യം ചെയ്ത് കലയുടെ മേന്മ കണ്ടെത്തുക.

# പാഠം – 1

# പ്രലോഭനം

ഉണ്ണായിവാര്യരുടെ 'നളചരിതം ആട്ടക്കഥ' രണ്ടാം ദിവസത്തിലെ മൂന്നാം രംഗമാണ് 'പ്രലോഭനം'. മഹാഭാരതത്തിലെ നളോപാഖ്യാനമാണ് നളചരിതം ആട്ടക്കഥയുടെ ഇതിവൃത്തം. ആട്ടക്കഥ പ്രസ്ഥാനത്തിന് സാഹിത്യലോകത്ത് മഹത്തായ സ്ഥാനം നേടിക്കൊടുത്ത കൃതിയാണിത്. ദമയന്തിയുടെ സ്വയംവരത്തിൽ പങ്കെടുക്കാൻ കഴിയാത്തതിലും ദമയന്തി നളനെ വരിച്ചതിലും കുപിതനായ കലി, നള-ദമയന്തിമാരെ തമ്മിലകറ്റി രാജ്യത്തു നിന്നുപുറത്താക്കുമെന്ന് ശപഥം ചെയ്യുന്നു. അതിനായി നളന്റെ അനുജനായ പുഷ്കരനെ സ്വാധീനിക്കാൻ ശ്രമിക്കുന്നതാണ് 'പ്രലോഭനം' എന്ന പാഠഭാഗം.

കലിയും ദ്വാപരനുംകൂടി അന്യന്റെ ധനം അപഹരിക്കാൻ പുഷ്കരനെ പ്രേരിപ്പിക്കുന്നതിനായി സമീപിക്കുന്നു. ആരാണ് തന്റെ സമീപം എത്തിയത് എന്നുപോലുമറിയാതെ മൂഢനായ പുഷ്കരൻ ഇപ്രകാരം പറഞ്ഞു:

**പദം –7 പുഷ്കരൻ**

- അരികിൽ വന്നു നിന്നതാര്, എന്തുവേണം, എല്ലാം പറയുക, വേഗം പറയുക.
- ഭൂലോകവാസികൾ നളനെ ചെന്നുകാണും, അവർക്കു വേണ്ടതെല്ലാം നളൻ സാധിച്ചുകൊടുക്കും
- നമ്മെ കാണാൻ ദൂരെനിന്നാരും വരില്ല.
- എനിക്ക് നാടില്ല, നഗരമില്ല, വെൺകൊറ്റക്കുടയില്ല, ചാമരമില്ല, ശത്രുവിനെ അകറ്റാനുള്ള സൈന്യമില്ല
- ക്ഷത്രിയൻ എന്നുള്ള പേരുമാത്രം
- ഒരു പ്രയോജനവുമില്ലാതെ ഞാനെന്തിനാണ് പലതും പറഞ്ഞുകേൾപ്പിക്കുന്നത്
- നളന്റെ കർമ്മം ഒന്ന്. എന്റെ കർമ്മം മറ്റൊന്ന്.

**പദം –8 കലി**

- പുഷ്കരാ നീ വെറുതെ ജന്മം പാഴാക്കരുത്

- ശ്രമിച്ചാൽ നിനക്കു പലതും നേടാൻ കഴിയും.
- നളനും നീയും തമ്മിൽ ഇവിടെ വ്യത്യാസമില്ല.
- ഇപ്പോൾത്തന്നെ നളനെ തോല്പിച്ച് നീ രാജാവാകുക.
- ഇനി ഞാൻ ആരാണെന്ന് നിന്നോട് പറയാം
- ഭൂമിയിൽ എന്നെ അറിയാത്തവരായി ആരുമില്ല
- ഞാൻ നളന്റെ ശത്രു, നിന്റെ മിത്രം.
- അവന്റെ രാജ്യം ഞാൻ നിനക്കു തരുന്നു. നളനെ ചൂതിനു വിളിക്കുക.
- എന്നെ നീ പണയംവെച്ച് അവന്റെ ധനധാന്യാദികൾ കൈക്കലാക്കി അവനെ (നളനെ) കാട്ടിലേയ്ക്ക് അയയ്ക്കുക.

**കഥകളി ചടങ്ങുകൾ**

- കേളികൊട്ട്
- അരങ്ങുകേളി
- തോടയം
- വന്ദനശ്ലോകം
- പുറപ്പാട്
- മഞ്ജുതര
- കഥാഭിനയം
- ധനാശി

**കഥകളിവേഷം**

- പച്ച
- കത്തി
- കരി
- താടി
- മിനുക്ക്

**കഥകളി ശൈലി**

ശ്ലോകത്തിൽ കഴിക്കുക– ചുരുക്കിപ്പറയുക

ശിങ്കിടിപാടുക – മറ്റാരുടെയെങ്കിലും അഭിപ്രായം അതേപടി പറയുക

കഥയറിയാതെ ആട്ടം കാണുക – കാര്യസ്വഭാവമറിയാതെ പ്രവർത്തിക്കുക

ധനാശിപാടുക – അവസാനിപ്പിക്കുക

കേളികൊട്ട് – പരസ്യപ്പെടുത്തുക

തിരനോട്ടം – അൽപ്പാൽപ്പമായി സൂചന നൽകൽ

## പ്രവർത്തനം I (സ്കോർ 1)

1. ഒരു പദം; രണ്ടർത്ഥം

പുഷ്കരന്റെ വാക്കിലെ 'പഴുതേ' - വെറുതെ, പ്രയോജനമില്ലാതെ, നിരർഥം

കലിയുടെ വാക്കിലെ പഴുതേ - വെറുതെ പഴാക്കരുത്, സഫലമാക്കുന്നതിനെ വെറുതെ കളയരുത്, സാധ്യത പ്രയോജനപ്പെടുത്താതിരിക്കരുത്.

2. അർത്ഥഭംഗി കണ്ടെത്തുക.

സ്വപദേ - തനിക്കുതന്നെ ആപത്ത്

സ്വപതേയ - ധനം

3. കഥകളിയുടെ സാഹിത്യരൂപം

- കൂത്ത്
- കൂടിയാട്ടം
- ഓട്ടൻതുള്ളൽ
- ആട്ടക്കഥ

4. പുഷ്കരനെ വിഡ്ഢി എന്നു വിശേഷിപ്പിച്ചതിന് യോജിച്ച കാരണം കണ്ടെത്തുക.

- മിത്രത്തിനുവേണ്ടി ശത്രുക്കളോട് പോരാടുന്നു.
- കലിയുടെ പ്രലോഭനങ്ങളെ അവഗണിക്കുന്നു.
- അതിഥികൾ ആരെന്നറിയാതെ മനസ്സിലുള്ളതെല്ലാം വെളിപ്പെടുത്തുന്നു.
- അധികാരക്കൊതിയുള്ള അലസജീവിതത്തിനുടമ.

## പ്രവർത്തനം II (2 മാർക്ക്)

1. പച്ച-താടി വേഷങ്ങൾക്ക് ഒരോ ഉദാഹരണം കണ്ടെത്തുക

(രാവണൻ, നളൻ, താടക, കലി)

രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക.

2. പുഷ്കരനെ 'ജളൻ' എന്ന് വിശേഷിപ്പിച്ചിരിക്കുന്നത് എന്തുകൊണ്ടായിരിക്കാം.

- തനിക്ക് പരിചയമില്ലാത്തവരുടെ മുമ്പിൽ തന്റെ മനസ്സുതുറക്കുന്നതുകൊണ്ട്
- അപരിചിതരുടെ ഒപ്പംകൂടി തന്റെ സഹോദരനെ ചതിക്കാൻ കൂട്ടുനിൽക്കുന്നതിനാൽ
- കർമ്മത്തിൽ വ്യസനിക്കുന്നത്കൊണ്ട്.

3. "പഴുതേ ഞാനെന്തേ പലവക പറഞ്ഞുകേൾപ്പിക്കുന്നു

നളന്നുവേറെ കർമ്മം നമുക്കു കർമ്മം വേറെ

പുഷ്കരന്റെ ഈ വാക്കുകളെ വൈകിവന്ന വിവേകം എന്നു വിശേഷിപ്പിക്കാമോ? നിങ്ങളുടെ നിരീക്ഷണം കുറിപ്പാക്കുക.

- വിശേഷിപ്പിക്കാം
- തന്റെ ജന്മം നിരർത്ഥമാണ് എന്ന തോന്നൽ
- തന്റെ സങ്കടങ്ങൾ മറ്റുള്ളവരെ പറഞ്ഞുകേൾപ്പിച്ചിട്ട് ഒരു പ്രയോജനവുമില്ല എന്ന തിരിച്ചറിവ്.

4. വൈരി വൈരസേനിക്കിഹ ഞാൻ കലി

തവ ഞാൻ മിത്രം തസ്യനാടുണ്ഞാൻ

തേ തരുന്നു

ഇവിടെ 'ഞാൻ' എന്ന് ആവർത്തിക്കുന്നു. കലിയുടെ ഏതെല്ലാം ഭാവങ്ങളാണ് ഇതിൽ തെളിയുന്നത്?

- അഹംഭാവം
- ധിക്കാരം
- അജയ്യനാണെന്നഭാവം
- ദുരാഗ്രഹം

## പ്രവർത്തനം III (4 മാർക്ക്)

1. "വൈരി വൈരസേനിക്കിഹ ഞാൻ കലി

തവ ഞാൻ മിത്രം"

കലി ഇപ്രകാരം സ്വയം പരിചയപ്പെടുത്തുന്നതിന്റെ ഉദ്ദേശ്യം എന്തായിരിക്കാം? വ്യക്തമാക്കുക.

- തന്റെ സമീപത്ത് എത്തിയവർ ആരാണെന്നറിയാതെ പുഷ്കരൻ തന്റെ അവസ്ഥ വിവരിക്കുന്നു.
- തന്റെ ലക്ഷ്യം പൂർത്തീകരിക്കുന്നതിന് അനുയോജ്യമായ സന്ദർഭവും ആളിനെയും ലഭിച്ചതിനാൽ പുഷ്കരന്റെ വിശ്വാസം നേടുന്നതിന് കലി പ്രലോഭിപ്പിക്കുന്നു.....

2. മിത്രത്തെ ദ്വേഷിപ്പാനായമിത്രം മിത്രമാക്കി

   പ്രത്യഹം ദുഷ്ടകർമ്മം ചെയ്തീടുന്നവൻ മൂഢൻ

   (എഴുത്തച്ഛൻ)

   ഈ വരികളിലെ ആശയത്തെ പാഠസന്ദർഭവവുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- പുഷ്കരന്റെ സങ്കടം കലി മനസ്സിലാക്കുന്നു
- ജന്മം നിഷ്ഫലമാക്കരുതെന്ന് കലി പുഷ്കരനെ ഉപദേശിക്കുന്നു.
- താൻ നളന്റെ ശത്രുവും പുഷ്കരന്റെ മിത്രവുമാണെന്ന് വ്യക്തമാക്കുന്നു.
- മിത്രത്തെ ദ്രോഹിക്കാനായി മറ്റൊരുത്തനെ കൂട്ടുപിടിക്കുന്ന മൂഢനാണ് പുഷ്കരൻ
- കലിയുടെ പ്രലോഭനത്തിൽ പുഷ്കരൻ വീഴുന്നു.
- എഴുത്തച്ഛന്റെ വരികളും പാഠസന്ദർഭവും താരതമ്യം ചെയ്യുന്നു.

# പാഠം – 2

# യുദ്ധത്തിന്റെ പരിണാമം

നൂറ്റാണ്ടുകൾക്ക് മുമ്പ് എഴുതപ്പെട്ട മഹാഭാരതകഥയെ പുതിയകാലത്ത് പുതിയ അർത്ഥതലത്തിൽ വായിച്ചെടുത്ത് രചിച്ച കൃതിയാണ് കുട്ടികൃഷ്ണ മാരാരുടെ 'ഭാരതപര്യടനം' ആ കൃതിയിലെ ഒരു ഭാഗമാണ് 'യുദ്ധത്തിന്റെ പരിണാമം'. മഹാഭാരതത്തിലെ കഥാസന്ദർഭങ്ങളെയും, കഥാപാത്രങ്ങളെയും മനഃശാസ്ത്രപരമായി നിരൂപണം ചെയ്തുകൊണ്ട് കുട്ടികൃഷ്ണ മാരാർ രചിച്ച പഠനാത്മക കൃതിയാണിത്.

(യുദ്ധം തുടങ്ങുമ്പോൾ ഉണ്ടാക്കിയ കരാർ ഇപ്രകാരമായിരുന്നു)

- യുദ്ധം നടക്കാത്ത സമയങ്ങളിൽ ഇരുഭാഗവും പരസ്പരം പ്രീതിയോടെ വർത്തിക്കണം.
- ഗജാശ്വരഥങ്ങളിൽ ഇരിക്കുന്നവർ ആ നിലയിലുള്ളവരോടെ എതിർക്കാവൂ.
- ഓർക്കാതെയും ക്ഷീണിച്ചുമിരിക്കുന്നരോട് അരുത്
- പ്രമാദം പറ്റിയവനെ, പിൻതിരിഞ്ഞവനെ, ആയുധം തീർന്നവനെ, കവചം പോയവനെ കൊല്ലരുത്.
- സൂതൻമാർ, കുതിരകൾ, ആയുധച്ചുമട്ടുകാർ, വാദ്യക്കാർ എന്നിവരെ ഉപദ്രവിക്കരുത്.

(ദുര്യോധനൻ എന്ന കഥാപാത്രത്തിന്റെ അവതരണം)

- ക്രൂരമായ മരണത്തിലും വിലപിക്കാത്ത മനസ്സ്.
- ശത്രുവിനോടു പുലർത്തുന്ന അവജ്ഞ.
- തന്റെ മേന്മയിൽ അഭിമാനം കൊള്ളുന്നു. (ഞാൻ യജ്ഞം ചെയ്തു, ഭരിക്കേണ്ടവരെ ഭരിച്ചു, ഭൂമി അടക്കിവാണു, ശത്രുക്കളുടെ തലയിൽ കാൽവച്ചു, ലക്ഷണമൊത്ത കുതിരയിൽ യാത്രചെയ്തു...)
- പാണ്ഡവർ ജയിച്ചത് അധർമ്മം കൊണ്ടാണെന്ന് വിശ്വസിക്കുന്നു.
- തുട ചതഞ്ഞുവീണ തന്റെ തലയിൽ ഭീമൻ ചവിട്ടിയത് അത്ഭുതമായി കാണുന്നു.

- അച്ഛനെയും അമ്മയെയും ഓർക്കുന്നതിന് മുമ്പ് സഹോദരിയെക്കുറിച്ച് ഓർക്കുന്ന ഹൃദയോന്നതി.
- മരണത്തിന് തൊട്ടുമുമ്പും സേനാപതിയായി അശ്വത്ഥാമാവിനെ ധർമ്മമനുസരിച്ച് അഭിഷേകം ചെയ്യുന്നു.
- സമന്തപഞ്ചകത്തിൽ കിടന്നുമരിക്കുന്നതിനാൽ ശാശ്വതലോകം നേടുമെന്നതോന്നൽ.
- മരണാനന്തരം സ്വർഗ്ഗം ലഭിക്കുമെന്ന പൂർണ്ണവിശ്വാസം.

(കൃപകൃതവർമ്മാശ്വത്ഥാമാക്കൾ നടത്തിയ അറുകൊല)

- പാണ്ഡവരുടെ പാളയത്തിൽ പ്രവേശിക്കുന്നു.
- യുദ്ധക്ഷീണിതനായി ഉറങ്ങുന്ന ധൃഷ്ടദ്യുമ്നന്റെ മർമ്മത്തിൽ പെരുവിരൽ ഊന്നിയമർത്തി കഥകഴിച്ചു.
- ദ്രൗണി മുന്തിയ ആളുകളെ ചവട്ടിക്കൊന്നു. ദ്രൗപതിയുടെ അഞ്ചുപുത്രന്മാരെയും വധിച്ചു. കൈക്കൽപ്പെട്ടവരെയെല്ലാം തലയരിഞ്ഞും വായിൽ വാൾകടത്തിയും കൈവെട്ടിയും ബലികഴിച്ചു. ശിഖണ്ഡിയെ മൂന്നുതുണ്ടമാക്കി.
- അവസാനം കൂടാരത്തിന് തീയിട്ടു.

(കൂട്ടക്കൊലയ്ക്കുശേഷം ദ്രൗപതി എടുത്ത പ്രതിജ്ഞ)

- വില്ലേന്തി കയർത്തു വരുന്ന ഭീമനെയും പിന്നാലെ വരുന്ന കൃഷ്ണ യുധിഷ്ഠിരാദികളെയും കണ്ടപ്പോഴുണ്ടായ ദ്രൗണിയുടെ പ്രതികരണം
- വ്യാസന്റെയും നാരദന്റെയും കൃഷ്ണന്റെയും ഇടപെടൽ
- പാണ്ഡവർ നേടിയതിൽ ഏറ്റവും വിലപ്പെട്ടതായ ‘ചൂഡാമണി’ അവർക്ക് നൽകി. തന്റെ അസ്ത്രം പാണ്ഡവരുടെ സന്തതിയിലേക്കു മാറ്റുന്നു.
- കൃഷ്ണന്റെ ഉത്തമവാക്യങ്ങൾ അശ്വത്ഥാമാവിന് ശാപവാക്കുകളായി മാറുന്നു.
- ശപിക്കപ്പെട്ടവനായ അശ്വത്ഥാമാവ് മനംകെട്ട് കാടുകേറി.

## പ്രവർത്തനം I (1 മാർക്ക്)

1 'യതോധർമ്മസ്തതോ ജയ' (ധർമ്മമെങ്ങോ അവിടെയാണ് ജയം) ആര് ആരോട് പറഞ്ഞു?

- ഗാന്ധാരി ദുര്യോധനനോട്

2. സമസ്തപദങ്ങളെ ഘടകപദങ്ങളാക്കുക.

- ഭാഗീരഥീകച്ഛം – ഭാഗീരഥിയുടെ കച്ഛം
- ഗജാശ്വരഥങ്ങൾ – ഗജങ്ങളും അശ്വങ്ങളും രഥങ്ങളും.
- യഥേഷ്ടം – ഇഷ്ടംപോലെ

3. അർത്ഥവ്യത്യാസം കണ്ടെത്തുക

സുയോധനൻ – നല്ലവണ്ണം യുദ്ധം ചെയ്യുന്നവൻ (ധർമ്മയുദ്ധം ചെയ്യുന്നവൻ )

ദുര്യോധനൻ – അജയ്യൻ (അധർമ്മ യുദ്ധം ചെയ്യുന്നവൻ)

4. "രാജാവിന്റെ ഈ വിലാപം കേട്ട ജനസഹസ്രങ്ങൾ കണ്ണും നിറച്ച് അങ്ങുമിങ്ങും പാഞ്ഞുപോയി.'

ഈ വാക്യത്തിലെ സൂചന എന്ത് ?

ജനങ്ങൾക്ക് ദുര്യോധനനോടുള്ള സ്നേഹവും ബഹുമാനവും

5 ശരിയായ അർത്ഥം കണ്ടെത്തുക.

- ഗുരുഘാതി –
- മൂലച്ഛേദം –
- യുദ്ധശ്രാന്തൻ –
- സ്വപ്രത്യയസ്ഥൈര്യം –
- അക്ഷയലോകം –

(യുദ്ധം ചെയ്ത് തളർന്നവൻ, വേരോടെ ഇല്ലായ്മ ചെയ്യൽ, നാശമില്ലാത്ത ലോകം (സ്വർഗ്ഗം), ഗുരുവിനെ കൊന്നവൻ, സ്വന്തം വിശ്വസത്തിൽ ഉറച്ചു നിൽക്കുന്ന സ്വഭാവം)

## പ്രവർത്തനം II (2 മാർക്ക്)

1. 'ഞാൻ ശാശ്വത ലോകങ്ങൾ നേടും' ദുര്യോധനൻ ഇപ്രകാരം പറയാൻ കാരണം ?
   - സഹോദര സ്നേഹം
   - ആർക്കും കീഴടങ്ങാത്ത പൗരുഷം
   - സമന്തപഞ്ചകത്തിൽ വച്ച് മരിക്കുന്നു
   - ക്ഷത്രിയ ധർമ്മം പാലിച്ച് ജീവിക്കുന്നു

2. 'ഗുരുഘാതികൾക്കു കുലപാംസന ലോകങ്ങളില്ല' ആരു പറഞ്ഞു? പറയാനുള്ള കാരണം?
   - ധൃഷ്ടദ്യുമ്നനോട് ദ്രൗണി പറഞ്ഞു
   - തന്നെ ശസ്ത്രംകൊണ്ട് വധിക്കാൻ ധൃഷ്ടദ്യുമ്നൻ ആവശ്യപ്പെടുന്നു.
   - ഗുരുവിനെ കൊന്നതിനാൽ സ്വർഗ്ഗം അർഹിക്കുന്നില്ല എന്ന ഓർമ്മപ്പെടുത്തലോടെ ഞെക്കിക്കൊല്ലുന്നു.

3. അശ്വത്ഥാമാവിനെ 'ശപിക്കപ്പെട്ടവൻ' എന്ന് ലേഖകൻ പറയാൻ കാരണം ?
   - ബ്രഹ്മ ശിരോസ്ത്രത്തിന്റെ നാശം ബോധ്യപ്പെട്ടിട്ടും അത് പ്രയോഗിക്കുന്നു
   - എതിരാളിക്ക് മൂലച്ഛേദം നടത്താനുള്ള മാനസികാവസ്ഥ.
   - ബ്രാഹ്മണനായിട്ടും തെറ്റായ പ്രവൃർത്തിചെയ്തതിനാൽ -
   - കൃഷ്ണന്റെ ശാപവാക്കുകൾ ഏൽക്കേണ്ടിവന്നതിനാൽ

## പ്രവർത്തനം III (4 മാർക്ക്)

'വിഷത്തെക്കാൾ വാർജ്യമാകും

നരചിത്തം ദുഷിക്കുകിൽ'

ഈ വരികളിലെ ആശയം 'യുദ്ധത്തിന്റെ പരിണാമം' എന്ന പാഠഭാഗത്തെ ആശയവുമായി താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

◆ **ഉത്തര സൂചന**

- വിഷം മനുഷ്യരെകൊല്ലും. ഉപയോഗിക്കുന്നവന്നുമാത്രം ദോഷം.

- അത്യാഗ്രഹം, ചതി, ക്രൂരത, പക എന്നിവമൂലം മനുഷ്യമനസ്സ് ദുഷിച്ചാൽ വിഷത്തെക്കാൾ അപകടം
- ദുഷിച്ച മനസ്സിന്റെ ഉടമ പിശാചിനെപ്പോലെ പ്രവർത്തിക്കും. രാജ്യങ്ങളെയും മനുഷ്യകുലത്തെ ഒന്നാകെ നശിപ്പിക്കും

  ഉദാ: ദ്രൗണി പാണ്ഡവ കുടീരത്തിൽ നടത്തിയ അറുകൊല

  ബ്രഹ്മശിരസ്സ് എന്ന അസ്ത്രം പ്രയോഗിച്ചത്

2. വല്ലപാടും നേടിയ വിജയം എന്ന വിശേഷണത്തിന്റെ ഔചിത്യം.

- എങ്ങനെയെങ്കിലും നേടിയ വിജയം
- യുദ്ധം തുടങ്ങിയപ്പോൾ ഇരുചേരിക്കാരും ചെയ്ത കരാർ
- തുടർന്നുള്ള ദിവസങ്ങളിൽ ദ്രോണർ, ഭീഷ്മർ, കർണ്ണൻ, ദുര്യോധനൻ എന്നിവരുടെ മരണം.
- പാണ്ഡവർ നേടിയ വിജയം പകൽവെളിച്ചത്തിൽ നോക്കിക്കാണുന്നതിനു മുമ്പേ ഒരു പരാജയമായ അറുകൊല

## പ്രവർത്തനം IV (6 മാർക്ക്)

1. മനുഷ്യചരിത്രത്തിൽ യുദ്ധം വരുത്തിവയ്ക്കുന്ന ഭയങ്കര ദുരന്തത്തെ എടുത്തു കാണിപ്പാൻ വേണ്ടിയാണ് ഭാരതേതിഹാസം രചിക്കപ്പെട്ടത്.

   പാഠഭാഗത്തെ ആശയം ഉൾക്കൊണ്ട് "യുദ്ധം സർവ്വനാശം" എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക.

- ഉചിതമായ ശീർഷകം
- ആമുഖം (ഖണ്ഡിക 1)
- ഭാരതയുദ്ധത്തിന്റെ തുടക്കം, ഒടുക്കം, അവസാനത്തെ അറുകൊല (ഖണ്ഡിക 2)
- ആധുനികകാലത്തെ യുദ്ധം (ഖണ്ഡിക 3)

എല്ലായുദ്ധങ്ങളും അധിനിവേശത്തിനും ആയുധകച്ചവടത്തിനും സമ്പത്ത് കൊള്ളയടിക്കാനും ആധിപത്യത്തിനും വേണ്ടിയാണെന്ന് കണ്ടെത്തുന്നു.

ഉദാ: ഒന്നാം ലോകമഹായുദ്ധം, ഇറാൻ -ഇറാക്ക് യുദ്ധം

ഇസ്രായേൽ- പാലസ്തീൻ യുദ്ധം

റഷ്യ - ഉക്രൈൻ യുദ്ധം

- മഹാഭാരതയുദ്ധത്തിന്റെയും , പിന്നീടുണ്ടായ യുദ്ധത്തിന്റെയും അവസാനം എന്തായിരുന്നു എന്ന കണ്ടെത്തൽ. (ഖണ്ഡിക 4)
- യുദ്ധം വിജയിച്ചവനും പരാജയപ്പെട്ടവനും ഒരു ദിവസം പോലും സന്തോഷത്തോടെ കഴിയില്ല എന്ന തിരിച്ചറിവ്
- ഉപസംഹാരം (ഖണ്ഡിക 5)
- മൂവായിരത്താണ്ടുകാലം പ്രത്യാഘാതം അനുഭവിക്കേണ്ടിവരുമെന്ന പാഠം അശ്വത്ഥാമാവിലൂടെ വ്യക്തമാക്കാം.
- ഹിരോഷിമ, നാഗസാക്കി തുടങ്ങിയവ.
- യുദ്ധം 'സർവനാശം' എന്ന തിരിച്ചറിവ്.

# പാഠം – 3

# ആത്മാവിന്റെ വെളിപാടുകൾ

ദസ്തയേവ്സ്കിയുടെ ജീവിതത്തെ അടിസ്ഥാനമാക്കി പെരുമ്പടവം ശ്രീധരൻ എഴുതിയ 'ഒരുസങ്കീർത്തനം പോലെ' എന്ന നോവലിലെ പത്താം അധ്യായമാണ് 'ആത്മാവിന്റെ വെളിപാടുകൾ.' ജീവിതത്തെ പ്രസാദാത്മകമായി നോക്കിക്കാണണം എന്ന സന്ദേശമാണ് ആത്മാവിന്റെ വെളിപാടുകൾ എന്ന പാഠഭാഗം നൽകുന്നത്. ജീവിതത്തിലുണ്ടാകുന്ന ചെറിയ പരാജയങ്ങളോ നഷ്ടങ്ങളോ പോലും താങ്ങാനാവാതെ കടുത്ത മാനസിക സംഘർഷങ്ങൾക്കും ലഹരിക്കും അടിമയായി വിഷാദരോഗത്തിലേക്കും ആത്മഹത്യയിലേയ്ക്കും വഴുതിപ്പോകുന്ന ആധുനിക തലമുറയ്ക്ക്, എന്താണ് ജീവിതത്തിന്റെ ലക്ഷ്യവും സൗന്ദര്യവുമെന്ന് കാട്ടിത്തരികയാണ് ഈ പാഠഭാഗം.

## കഥാപാത്രങ്ങൾ

| | | |
|---|---|---|
| മേരിയ | : | ദസ്തയേവ്സ്കിയുടെ ആദ്യഭാര്യ |
| പാഷ | : | ദസ്തയേവ്സ്കിയുടെ മകൻ |
| എമിലി | : | ജ്യേഷ്ഠൻ മൈക്കിളിന്റെ ഭാര്യ |
| ഇയ്യോബ് | : | ബൈബിളിലെ ചരിത്രപുരുഷൻ |
| മിഷ്കിൻ | : | 'ഇഡിയറ്റ്' എന്ന കഥയിലെ കഥാപാത്രം |
| അന്ന | : | ദസ്തയേവ്സ്കിയുടെ സ്റ്റെനോഗ്രാഫർ |
| ഫെദോസ്യ | : | വീട്ടിലെ വേലക്കാരി |

- ചുഴലിരോഗത്തിന്റെ ക്ഷീണത്തിൽ നിന്ന് ഞെട്ടിയുണർന്ന് പ്രഭാതനടത്തയ്ക്കിറങ്ങുന്ന ദസ്തയേവ്സ്കി.
- സെന്റ് പീറ്റേഴ്സ്ബർഗ് നഗരത്തിലൂടെയാണ് യാത്ര.
- യാത്രയിൽ പല ചിന്തകളും കടന്നു വരുന്നു.
- തോൽവികളും, തളർച്ചകളും, അപമാനങ്ങളും സഹിച്ച് ജീവിക്കുന്നതിൽ എന്തർത്ഥമാണുള്ളത്, വഴിയിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണംപോലെയല്ലേ തന്റെ ജീവിതം...
- ഒപ്പം നടക്കുന്ന സ്നേഹിതരോടെന്നപോലെ സ്വന്തം ജീവിതത്തെക്കുറിച്ച് പറയുന്നു.
- എമിലിയും, പാഷയും വരുന്നതിനെക്കുറിച്ചും, ജ്യേഷ്ഠനെക്കുറിച്ചും, പ്രസിദ്ധീകരണ ശാല നിർത്തേണ്ടിവന്ന സാഹചര്യത്തെക്കുറിച്ചും ഓർക്കുന്നു.
- ഭാര്യയുടെ മരണവും അവളുടെ മഹത്വവും മരണശേഷം തിരിച്ചറിയുന്നു.
- ദസ്തയേവ്സ്കിയും അന്നയും സ്റ്റെല്ലോവ്സ്കി എന്ന പ്രസാധകനെക്കുറിച്ച് ചർച്ചചെയ്യുന്നു.
- നോവൽ എഴുത്ത് നിലമുഴുന്നതുപോലെയോ, പാറപൊട്ടിക്കുന്നതുപോലെയോ അല്ല എന്ന് പറയുന്ന ദസ്തയേവ്സ്കി സ്റ്റെല്ലോവ്സ്കിയെ അട്ട എന്ന് വിശേഷിപ്പിക്കുന്നു.
- അന്ന ദസ്തയേവ്സ്കിയെ കൂടുതൽ എഴുതാൻ പ്രേരിപ്പിക്കുന്നു.
- ദസ്തയേവ്സ്കി താൻ എഴുതാൻ പോകുന്ന പുതിയ നോവലിനെക്കുറിച്ചും അതിലെ കഥാപാത്രത്തെക്കുറിച്ചും പറയുന്നു.
- 'കുറ്റവും ശിക്ഷയും' വായിച്ചുകൊണ്ടിരുന്ന തന്റെ പിതാവ് പറഞ്ഞത് അന്നയുടെ ഓർമ്മയിൽ വരുന്നു.
- അന്നയുടെ കണ്ണുകളിൽ നിന്ന് സ്വന്തം കണ്ണുകളെടുക്കാതെ ഓരോ ദുരന്തവും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ് എന്നെ പഠിപ്പിച്ചത് എന്നു പറയുന്നതോടെ ഈ ഭാഗം അവസാനിക്കുന്നു.

## പ്രവർത്തനം I (1 മാർക്ക്)

1. പ്രയോഗ സവിശേഷത കണ്ടെത്തുക

   'ആകാശത്തിന്റെ നിഴൽപോലെ ഭൂമിയിൽ വെളിച്ചമുണ്ട്.'

   - പ്രഭാതത്തിനു മുമ്പുള്ള അരണ്ടപ്രകാശം
   - മഞ്ഞിലൂടെ അരിച്ചിറങ്ങുമ്പോൾ കടന്നു വരുന്ന മഞ്ഞവെളിച്ചം
   - പുലർച്ചയിലെ അരണ്ടവെളിച്ചം നിഴലിന്റെ പ്രതീതി ജനിപ്പിക്കുന്നു.
   - സംഘർഷഭരിതമായ മനസ്സാണ് മങ്ങിയപ്രകാശം.

(ഇതിന് ഒന്നിലധികം സൂചനകൾ ഉണ്ട്. 1,2,4 എന്നീ സ്കോറുകൾക്ക് ഈ ചോദ്യം പരിഗണിക്കാം)

2. മാതൃകപോലെ വിഗ്രഹിക്കുക.

   - പള്ളിഗോപുരം – പള്ളിയുടെ ഗോപുരം (മാതൃക)
   - ജീവജാലങ്ങൾ –
   - നിശ്ചലം – ചലിക്കാനാവാതെ (മാതൃക)
   - നിശ്ശബ്ദം –

3. "Life is a tale told by an idiot" ഇത് ആരുടെ വരികളാണ്?

   (ദസ്തയേവ്സ്കി, പെരുമ്പടവം ശ്രീധരൻ

   ഷേക്സ്പിയർ, സ്റ്റെല്ലോവസ്കി)

4. 'അട്ട എഴുത്തുകാരുടെ രക്തമൂറ്റിക്കുടിക്കുന്ന അട്ട അല്ലെങ്കിൽ ചെകുത്താൻ'

   ദസ്തയേവ്സ്കി ഇങ്ങനെ പറയുന്നത് ആരെക്കുറിച്ചാണ്?

   സ്റ്റെല്ലോവ്സ്കിയെക്കുറിച്ച്

5. "സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർത്ഥത്തിൽ ജീവിതമാണോ?"

   ഈ വരികളിൽ തെളിയുന്ന ജീവിതദർശനം എന്ത്?

   മറ്റുള്ളവർക്കുവേണ്ടി സഹായിക്കുമ്പോഴും ത്യജിക്കുമ്പോഴുമാണ് ജീവിതം പൂർണ്ണമാകുന്നത്.

## പ്രവർത്തനം II (2 മാർക്ക്)

**രണ്ടോമൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക (സ്കോർ 2)**

1. സർഗ്ഗരചനയെക്കുറിച്ച് ദസ്തയേവ്സ്കിയുടെ കാഴ്ചപ്പാട് എന്ത്?

- സമയനിബന്ധന വച്ച് തീർക്കേണ്ടതല്ല സൃഷ്ടികൾ
- അവ ആത്മാവിന്റെ വെളിപാടാണ്.
- നിലമുഴുന്നതുപോലെയോ, പാറപൊട്ടിക്കുന്നതു പോലെയോ അല്ല സർഗ്ഗരചന

2. "നീ എന്റെ ഹൃദയത്തിലാണോ നിൽക്കുന്നത്? വിസ്മയത്തോടെ ദസ്തയേവ്സ്ക് അന്നയുടെ കണ്ണുകളിലേക്ക് നോക്കി." ഇതിലൂടെ വ്യക്തമാകുന്നത് എന്ത്?

- വളരെക്കാലമായി തന്നെ അലട്ടിയ നോവലിന്റെ ആശയം അന്നയോട് പറയുന്നു.
- തുടർന്ന് ദസ്തയേവ്സ്കി അനുവിച്ച ആത്മക്ഷതങ്ങൾ സ്വന്തം കഥാപാത്രങ്ങൾക്ക് വീതിച്ചു നൽകുന്നു എന്ന അന്നയുടെ കണ്ടെത്തൽ
- അന്ന തന്റെ സർഗ്ഗസൃഷ്ടിയുടെ രഹസ്യം മനസ്സിലാക്കിയതിലെ അത്ഭുതം.

3. സാദൃശ്യ കൽപനകൾ കൊണ്ട് സമ്പന്നമാണ് 'ആത്മാവിന്റെ വെളിപാടുകൾ' എന്ന പാഠഭാഗം. ഏതെങ്കിലും രണ്ട് സാദൃശ്യ കല്പനകൾ എഴുതുക.

- 'സെന്റ് പീറ്റേഴ്സ് ബർഗ്ഗ് നഗരം പ്രപഞ്ചമായി വികസിച്ചു. ആ ഉദയ പൂർവ്വ നിമിഷങ്ങളിൽ പ്രപഞ്ചവും താനും മാത്രം.'
- ആകാശത്തിന്റെ നിഴൽപോലെ ഭൂമിയിൽ വെളിച്ചമുണ്ട്.
- വഴിയരികിൽ വലിച്ചെറിയപ്പെട്ട ഒരു പാറക്കഷണം പോലെയല്ലേ ഇപ്പോൾ തന്റെ അവസ്ഥ
- ആ ചരടുകളെല്ലാംകൂടി കെട്ടുപിണഞ്ഞ് ആ കെട്ടുകളിൽ കുടുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു.

## പ്രവർത്തനം III (4 മാർക്ക്)

1. "ആ ചരടുകളെല്ലാം കൂടി കെട്ടുപിണഞ്ഞ് ആ കെട്ടുകളിൽ കുടുങ്ങിക്കിടന്ന് എന്റെ ജീവിതം പിടയുന്നു"

   ഈ വാക്കുകളിൽ ദസ്തയേവ്സ്കിയുടെ ജീവിതം എങ്ങനെ ബന്ധപ്പെട്ടിരിക്കുന്നു?

   - ബന്ധങ്ങൾ പരസ്പരം കുരുങ്ങിക്കിടക്കുന്നതുകൊണ്ടാണ് കെട്ടുപിണയുക എന്ന് പറയുന്നത്
   - ജ്യേഷ്ഠന്റെ കുടുംബത്തെ സംരക്ഷിക്കേണ്ട ബാധ്യത
   - എമിലി വരുമ്പോൾ ഉണ്ടാകുന്ന പ്രശ്നം
   - പാഷയുടെ സ്വഭാവ ദൂഷ്യം
   - സ്റ്റെല്ലോവ്സ്കിയുമായുള്ള കരാർ
   - കൂടെക്കൂടെയുണ്ടാകുന്ന ചുഴലിയിളക്കം
   - അന്നയുടെ സാന്നിധ്യം നഷ്ടമാവുമോ എന്ന ചിന്ത
   - എഴുതാനുദ്ദേശിക്കുന്ന രചനയെപ്പറ്റിയുള്ള സങ്കല്പം.

2. 'വിരഹത്തിലല്ലാതെ ലാവണ്യം സമഗ്രമായ്
   നിരവദ്യമായിട്ടു കാണുവാൻ കഴിവീല'

   (എന്റെവേളി-ജി)

   - സൗന്ദര്യം ഏറ്റവും മനോഹരമായി തിരിച്ചറിയാൻ കഴിയുന്നത് ഏറെ നാളത്തെ വിരഹമുണ്ടാകുമ്പോഴാണ് എന്ന 'ജി'യുടെ വരികൾ
   - ദുരന്തങ്ങൾക്കിടയിലും ഭാര്യയെക്കുറിച്ച് ഹൃദ്യയായ ഓർമ്മ.
   - ഭാര്യയുടെ മരണശേഷം ഏറ്റവും നല്ല സ്ത്രീ അവളാണെന്ന തിരിച്ചറിവ്
   - അവളോടൊപ്പം ശവക്കുഴിയിൽ തന്റെ ജീവിതത്തിന്റെ നല്ലനിമിഷമാണ് അടക്കം ചെയ്തതെന്ന തോന്നൽ

## പ്രവർത്തനം IV (6 മാർക്ക്)

1. "സഹിക്കാനൊന്നുമില്ലാത്ത ജീവിതം യഥാർത്ഥ ജീവിതമാണോ?"
ആത്മപീഡ നിറഞ്ഞ ജീവിതത്തിലും ജീവിതത്തെ കൂടുതൽ സ്നേഹിക്കാനാണ്. ദസ്തയേവ്സ്കി ശ്രമിച്ചത്. പാഠഭാഗത്തെ ആസ്പദമാക്കി (ആത്മാവിന്റെ വളിപാടുകൾ) ഉപന്യാസം തയ്യാറാക്കുക.

- ആമുഖം
- ദസ്തയേവ്സ്കി തന്റെ ജീവിതത്തിൽ അനുഭവിച്ച പരീക്ഷണങ്ങൾ
- ദുരിതങ്ങളെയും ദുരന്തങ്ങളെയും ദസ്തയേവ്സ്കി നേരിട്ടത്.
- ചോദ്യത്തെ വിലയിരുത്തൽ
- ഉപസംഹാരം.

# യൂണിറ്റ് IV

# വാക്കുകൾ സർഗതാളങ്ങൾ

വിസ്മയകരവും നിർവചനങ്ങൾക്ക് അതീതവുമാണ് മനുഷ്യന്റെ സർഗശേഷി. എഴുത്ത് ഒരു സിദ്ധിയാണ്. ഈ സിദ്ധിയെ പ്രതിഭകൾ നിരീക്ഷണത്തിലൂടെയും വായനയിലൂടെയും പഠനത്തിലൂടെയും സഞ്ചരിച്ച് ഉത്തമ സൃഷ്ടികൾക്ക് ജന്മം കൊടുക്കുന്നു. എഴുത്തിന്റെ ലോകത്തിലേക്ക് എഴുത്തുകാരാനെ കൊണ്ടുപോകുന്നതിന് ചില ഘടകങ്ങളുണ്ട് ഒരു എഴുത്തുകാരൻ ആകണം എന്ന് വിചാരിക്കാതെ എഴുത്തിന്റെ ലോകത്ത് എത്തിച്ചേർന്ന അനേകം പ്രതിഭകൾ ഉണ്ട്. തന്റെ ഉള്ളിലെ പ്രതിഭയെ സ്വപ്രയ്നത്തിലൂടെ വളർത്തിയെടുത്ത എഴുത്തുകാരും ഉണ്ട്. സാഹിത്യരചനയുമായി ബന്ധപ്പെട്ട് എഴുത്തുകാരന്റെ അനുഭവങ്ങളിലൂടെ കടന്നുപോകാനും. അവരുടെ കൃതികളിലെ സർഗാത്മകതയുടെ ശക്തി തിരിച്ചറിയാനും ഉതകുന്നവയാണ് 'വാക്കുകൾ സർഗതാളങ്ങൾ' എന്ന യൂണിറ്റിലെ പാഠഭാഗങ്ങൾ. മറാഠി സാഹിത്യകാരനും, സാമൂഹ്യപ്രവർത്തകനുമായ ശരൺകുമാർ ലിംബാളയുടെ അക്കർമാശി എന്ന ആത്മകഥോപാഖ്യനത്തിൽ നിന്നുള്ള ഒരു അധ്യായം അക്കർമാശി എന്ന പേരിലും, ജ്ഞാനപീഠ ജേതാവായ എസ്.കെ. പൊറ്റക്കാട് തന്റെ ആദ്യ രചനാ അനുഭവംപങ്കുവയ്ക്കുന്ന 'ഞാൻ കഥാകാരനായ കഥയും', മനുഷ്യ പുരോഗതിയുടെ സഞ്ചാരപഥങ്ങൾ വിവരിക്കുന്ന വയലാറിന്റെ 'അശ്വമേധം' എന്ന കവിതയും ഈ യൂണിറ്റിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.

**<u>പാഠഭാഗങ്ങൾ</u>**

| | |
|---|---|
| പാഠം -1 | അക്കർമാശി |
| | ശരൺകുമാർ ലിംബാളേ |
| | ആത്മകഥ |
| | വിവർത്തനം - കാളിയത്ത് ദാമോദരൻ |
| പാഠം -2 | ഞാൻ കഥാകാരനായ കഥ |
| | എസ്.കെ. പൊറ്റക്കാട് |
| | അനുഭവകുറിപ്പ് |
| പാഠം -3 | അശ്വമേധം |
| | വയലാർ രാമവർമ്മ |
| | കവിത |

## പ്രവേശകം

കവിത ചിലിയൻ കവി പാബ്ലോ നെരൂദ (1904-1973)

(റിക്കാർഡോ എലിയേസർ നെഫ്തലിറെയെസ്)

കവിതയുടെ വരവിനെ പറ്റി കവി നമ്മോട് പറയുന്നു.

- രചന പ്രവചനങ്ങൾക്ക് അപ്പുറമാണ്
- കവിത വന്ന വഴി കൃത്യമായി പറയാൻ കഴിയുന്നില്ല
- കുളിർത്തു വിറയ്ക്കുന്ന ശിശിരം
- പതഞ്ഞൊഴുകുന്ന നദി
- പ്രകൃതി, ചുറ്റുപാടുകൾ
- കവിത രൂപപ്പെട്ട സാഹചര്യം വ്യക്തമല്ല
- പ്രകൃതിയും ജീവിതവും കവിതയ്ക്ക് വിഷയമാകുന്നു.
- പ്രായമോ, ദേശമോ, കാലമോ, സർഗാത്മക രചനയ്ക്ക് തടസ്സമല്ല.

# പാഠം – 1

# അക്കർമാശി – ശരൺകുമാർ ലിംബാളേ (ആത്മകഥ)

## വിവർത്തനം : കാളിയത്ത് ദാമോദരൻ

പ്രശസ്ത മറാഠി സാഹിത്യകാരനും സാമൂഹിക പ്രവർത്തകനുമായ ശരൺകുമാർ ലിംബാളേ ആത്മകഥ – അക്കർമാശി

'ജീവിതത്തിന്റെ ശവപ്പറമ്പ്' എന്ന അധ്യായം ഇരുപത്തിയഞ്ചാം വയസ്സിൽ എഴുതിയ ആത്മകഥ അക്കർമാശി – അർദ്ധജാതി-അമ്മ താഴ്ന്ന ജാതി (മഹാർ) അച്ഛൻ മേൽജാത് (ലിംഗായത്ത്) ജാതിയവും വംശീയവുമായ വിവേചനം. മഹാരാഷ്ട്രക്കാരനോ കർണാടക ക്കാരനോ എന്ന് തിരിച്ചറിയാത്ത അവസ്ഥ. മറാത്തിയോ, കന്നടയോ ഏത് ഭാഷയാണ് എന്ന് അറിയാതെ ജീവിക്കേണ്ടി വരുന്ന അവസ്ഥ.

ഉയർന്ന ജാതിക്കാരന്റെ പീഢനങ്ങളും പ്രാകൃത ആചാരങ്ങളും ഒരു സമൂഹത്തെ മൃഗതുല്യമാക്കി.

- സ്കൂളിൽ നിലത്തിരുന്ന് പഠിയ്ക്കണം
- പൊതു കിണറ്റിൽ നിന്ന് ജലം എടുത്ത് കുടിയ്ക്കാൻ കഴിയില്ല.
- ക്ഷേത്രത്തിൽ പ്രവേശനം ഇല്ല.
- മഹാർ ജാതിയാണെന്ന് അറിഞ്ഞാൻ ക്ഷുരകൻ മുടി വെട്ടിക്കൊടുക്കില്ല.
- സമൂഹത്തിൽ നിന്ന് ആട്ടി അകറ്റപ്പെട്ട ഒരു സമൂഹത്തിന്റെ ദൈന്യത.
- ജാതിയും മതവും, വംശീയതയും മൂലം വിവേചനം നേടുടുന്നവർ ഇന്നും ഇന്ത്യയിൽ ഉണ്ട്.
- വിശപ്പിനെ ഓമനിച്ച് പ്രതീക്ഷയോടെ ജീവിക്കുന്ന ബാല്യങ്ങൾ നമുക്ക് ചുറ്റും ഉണ്ട്.
- ദാരിദ്ര്യത്തോട്, ജാതിയതയോട് പടവെട്ടി മുന്നേറി യശസ്സിലേക്ക് ഉയർന്ന ശരൺകുമാർ ലിംബാളേ
- ജീവിതത്തെ മുന്നോട്ട് നയിക്കാൻ ഏതു തൊഴിലും ചെയ്യാം.
- സത്യസന്ധതയും ജീവിതമൂല്യവും നിലനിർത്തുക.
- ജീവിതത്തിലെ കയ്പുനിറഞ്ഞ അനുഭവം സാഹിത്യരചനയ്ക്ക് പശ്ചാത്തലമാക്കി.
- പാർശ്വവൽക്കരിക്കപ്പെട്ടവരോട് സമഭാവനയോട് പെരുമാറണം.
- ചത്തപശുവിന്റെ മാംസം വേവിച്ചും ഉണക്കിയും തിന്നുന്ന ലിംബാളെയുടെയും മറ്റ്

ദളിതരുടെയും ജീവിതാവസ്ഥ. ചാണകത്തിൽ നിന്ന് ലഭിക്കുന്ന ധാന്യമണികൾ പെറുക്കിയെടുത്ത് പൊടിച്ച് പാചകം ചെയ്ത് പട്ടിണി മാറ്റിയ ലിംബാളയുടെ ബാല്യം. ചപ്പു ചവറുക്കൾക്കിടയിൽ ഒരു നേരത്തെ ഭക്ഷണം തിരഞ്ഞ ദുരിത പൂർണ്ണമായ ബാല്യത്തിലെ തീഷ്ണ അനുഭവങ്ങളിലേക്ക് വായനക്കാരനെ എത്തിക്കുന്നു.

## കഥാപാത്രങ്ങൾ

**ശരൺകുമാർ ലിംബാളേ**

- അനാഥത്വം
- ദാരിദ്രവും കഷ്ടപാടും നിറഞ്ഞ ബാല്യം
- ജാതിയമായ പാർശ്വവൽക്കരണം
- സാഹചര്യങ്ങളെ പടവെട്ടിപൊരുതി പഠിച്ച് മുന്നേറി
- കുടുംബത്തോട് സ്നേഹവും വിശ്വാസവും കാത്ത് സൂക്ഷിക്കുന്നു.
- സത്യസന്ധത ജീവിതമൂല്യം ഇവ മുറുകെ പിടിച്ചു.
- വായനയിലും പഠനത്തിലും താല്പര്യം

**ശാന്ത ആത്യ**

- വൃദ്ധ
- ശരൺകുമാർ ലിംബാളെയുടെ സഹോദരി നാഗിയുടെ ഭർത്താവിന്റെ അമ്മ
- അധ്വാന ശീല, സ്നേഹ സമ്പന്ന
- ലിംബാളെയോട് പ്രത്യേക സ്നേഹം കാത്തുസൂക്ഷിക്കുന്നു
- ഏതു തൊഴിലും ചെയ്ത് ജീവിക്കുന്നതിന് മടിയില്ലാത്ത പ്രകൃതം
- പാതയോരത്ത് പഴം വിറ്റ് ഉപജീവനം കണ്ടെത്തി പിന്നീട് പാതയിലും പറമ്പിലും നടന്ന് പലതും പെറുക്കിക്കൂട്ടി വിറ്റ് ജീവിച്ചു.

**മസാമായി**

- ശരൺകുമാർ ലിംബാളെയുടെ അമ്മ.

**കുമാർമാമ**

- ശരൺകുമാർ ലിംബാളെയുടെ സഹോദരി നാഗിയുടെ ഭർത്താവ്
- മടിയൻ, അലസൻ, കടക്കാരൻ
- ഉത്തരവാദിത്വമില്ലാത്ത ജീവിതം

- ജോലി നഷ്ടമായി

**സന്താമായി**

ശരൺകുമാർ ലിംബാളയുടെ അമ്മ മസാമായിയുടെ അമ്മ. ലിംബാളെയുടെ മുത്തശ്ശി.

- സന്താമായിയാണ് ശരൺ കുമാർ ലിംബാളെയെ വളർത്തി വലുതാക്കിയത്.

**ദാദ**

- സന്താമായിയുടെ രണ്ടാംഭർത്താവ്
- മുഹമ്മദ് ദസ്തഗീർ ജമാദാർ എന്ന് പൂർണ്ണ പേര്

**കാക്ക**

- മസാമായിയുടെ മൂന്നാം ഭർത്താവ്
- യശ്വന്തറാവ് സിന്ദ്രാമയ് പാട്ടീൽ എന്ന് പൂർണ്ണപേര്
- ഗ്രാമത്തലവൻ

## പ്രവർത്തനം I (1 മാർക്ക്)

1. മടിയൻ, കടക്കാരൻ എന്നീ വിശേഷണങ്ങൾ ചേരുന്ന കഥാപാത്രം ആര്?

   (കുമാർമാമ, ശരൺകുമാർ, ദാദ)

   കുമാർമാമ

2. മാതൃകപോലെ എഴുതുക

   - പഴക്കട - പഴങ്ങൾ വിൽക്കുന്ന കട
   - വിശിഷ്ട നിമിഷം - വിശിഷ്ടമായ നിമിഷം
   - പ്രതിദിനം - ദിനം തോറും

3. "എപ്പോഴെങ്കിലും ഒരു നല്ല കടലാസ് കണ്ടെത്തിയാൽ എനിക്ക് വലിയ സന്തോഷം തോന്നും." സന്തോഷം തോന്നാൻ കാരണം

   - വായിക്കാൻ ഉള്ള താല്പര്യം
   - കടലാസ് വിറ്റ് പണമാക്കാം എന്ന ചിന്ത
   - കടലാസിൽ ചിത്രങ്ങൾ ഉള്ളത്കൊണ്ട്

   ◆ വായിക്കാൻ ഉള്ള താല്പര്യം

4. കടുത്ത ദാരിദ്രത്തിലും കളഞ്ഞ് കിട്ടിയ മുപ്പത് രൂപ ശരൺ കുമാർ എന്ന കുട്ടി തിരികെ നൽകാൻ കാരണം.

- പോലീസിനെ ഭയന്ന്
- സത്യസന്ധത
- കൂട്ടുകാരൻ കണ്ടതുകൊണ്ട്
- ◆ സത്യസന്ധത

5. എന്റെ സത്യസന്ധത എനിക്കു നൽകിയ ആനന്ദം ആ മുപ്പത് രൂപയേക്കാൾ വലുതായിരുന്നു.ഇത് ആരുടെ വാക്കുകളാണ്?

   (ശാന്ത ആത്യ, കുമാർമാമ, ശരൺകുമാർ ലിംബോളേ)

   - ◆ ശരൺകുമാർ ലിംബോളേ

## പ്രവർത്തനം II (2 മാർക്ക്)

1. അർത്ഥവ്യത്യാസം വരാതെ ഒറ്റവാക്യമാക്കുക.
   - "എന്നും പണിക്കുപോകുന്നതുപോലെ കുമാർമാമ വീട്ടിൽ നിന്ന് ഇറങ്ങും. അയാളെ എന്നോ ജോലിയിൽ നിന്ന് പിരിച്ചു വിട്ടിട്ടുണ്ടായിരുന്നു."
   - എന്നും പണിക്കുപോകുന്നതുപോലെ കുമാർമാമ വീട്ടിൽ നിന്ന് ഇറങ്ങുമെങ്കിലും അയാളെ എന്നോ ജോലിയിൽ നിന്ന് പിരിച്ച് വിട്ടിരുന്നു.
2. ചപ്പു ചവറുകൾക്ക് പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നിനി തോന്നി." ലിംബാളയുടെ ജീവിത സാഹചര്യത്തെ സംബന്ധിച്ച് ഇവിടെ വ്യക്തമാക്കുന്ന രണ്ട് സൂചനകൾ എഴുതുക?
   - ദാരിദ്രത്തിന്റെ തീവ്രത
   - പാർശ്വവൽക്കരിക്കപ്പെട്ട സമൂഹത്തിന്റെ ദയനീയത.
3. ചപൾഗാവിലെ ബോർഡിംഗ് സ്കൂളിലേക്ക് മാറിയതോടെ ഇത്തരം സ്വാധീനങ്ങളും ഓർമ്മകളും എല്ലാം ക്രമേണ അപ്രത്യക്ഷമായി. (അക്കർമാശി)

   ലിംബാളെ സൂചിപ്പിക്കുന്ന ഓർമ്മകളും സ്വാധീനങ്ങളും എന്തൊക്കെയാണ്?
   - ദാദായുടെ നമസ്ക്കാരചടങ്ങുകൾ
   - സാന്താമായി അംബാലക്ഷ്മി ഭഗവതിയെ പ്രാർത്ഥിക്കുന്നതും പൂജിക്കുന്നതും.
   - കാക്കായുടെ പുരാണപാരായണവും മന്ത്രോച്ചാരണവും

## പ്രവർത്തനം III (4 മാർക്ക്)

1. നമുക്ക് പപ്പാതി എടുക്കാം. അക്കൽക്കോട്ടിൽപ്പോയി സിനിമ കാണാം - കൂട്ടുകാരൻ
ഞാൻ നേരേ ചെന്ന് ഹെഡ്മാസ്റ്ററെ കണ്ടു വീണു കിട്ടിയ പൈസ മുഴുവനും അദ്ദേഹത്തെ ഏൽപ്പിച്ചു. - ശരൺ കുമാർ ലിംബാളെ

കൂട്ടുകാരിൽ നിന്നും വ്യത്യസ്തമായി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന ശരൺകുമാർ ലിംബാളെ എന്ന വിദ്യാർത്ഥിയെ നമുക്ക് പാഠഭാഗത്ത് കാണാം. ശരൺ കുമാർ ലിംബാളയുടെ പ്രവൃത്തി നൽകുന്ന സന്ദേശം എന്ത്? കുറിപ്പ് തയ്യാറാക്കുക.

- പണം കളഞ്ഞ് കിട്ടിയത്
- സിനിമ കാണാനുള്ള ശരൺ കുമാറിന്റെ അതിയായ ആഗ്രഹം
- കൂട്ടുകാരന്റെ പ്രലോഭനം
- അതിനെ അതിജീവിച്ചത്.
- ആഗ്രഹങ്ങൾ സഫലീക്കരിക്കാൻ മൂല്യങ്ങൾ കൈവിടാതിരിക്കൽ
- സ്കൂളിൽ നിന്ന് കിട്ടുന്ന അനുമോദനം
- ഏത് ജീവിത സാഹചര്യത്തിലും ജീവിതകത്തിൽ മൂല്യബോധം കാത്തുസൂക്ഷിക്കുന്ന സന്ദേശം
- മൂല്യ സംരക്ഷണം നൽകുന്ന സന്തോഷവും അഭിമാനവും.

2. "മിഠായി പൊതിയുന്ന കടലാസുകൾ കണ്ടാൽ എന്റെ വായിൽ വെള്ളമൂറും.
എപ്പോഴെങ്കിലും ഒരു നല്ല, കടലാസ് കണ്ടെത്തിയാൽ എനിക്കു വലിയ സന്തോഷം തോന്നും." (അക്കർമാശി)

ശരൺകുമാർ ലിംബാളെയുടെ ഈ മനോഭാവം ഇന്നത്തെ തലമുറയിലെ കുട്ടികളിൽ പ്രകടമാണോ.

നിങ്ങളുടെ നിരീക്ഷണം അവതരിപ്പിക്കുക.

- ദാരിദ്ര്യവും കഷ്ടപ്പാടും നിറഞ്ഞ ലിംബാളെയുടെ ബാല്യം.
- മുത്തശ്ശി ശാന്താ ആത്യാ ചപ്പുചവറുകൾ പെറുക്കിവിറ്റ ഉപജീവനം നടത്തുന്നു.
- കൂടെ പോകുന്ന ലിംബാളെ
- ചവർ കുനയിൽ മിഠായി കവർ കാണുമ്പോൾവായിൽ നിന്നും വെള്ളമൂറും.
- ഒരു മിഠായി വാങ്ങാൻ പണം ഉണ്ടായിരുന്നില്ല.
- ഇന്നത്തെ തലമുറ കഷ്ടപ്പാടും ദാരിദ്ര്യവും അറിയാതെ വളരുന്നു.
- ജീവിത മൂല്യങ്ങൾ കാത്തു സൂക്ഷിക്കുന്നതിൽ പിന്നോക്കം

**പ്രവർത്തനം IV** (സ്കോർ 6)

1. "ദിവസേന പൊട്ടിയ കുപ്പിയും കീറിയക്കടലാസും പഴന്തുണിയുമൊക്കെ പെറുക്കി നടന്നു വിറ്റില്ലെങ്കിൽ അന്നന്നത്തെ ആഹാരത്തിനു വഴിയില്ലാത്ത അവസ്ഥയിലായി അവർ."

   "ചപ്പു ചവറുകൾക്ക് പകരം തൂക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്ക് തോന്നി" -അക്കർമാശി-

   നമ്മുടെ നാടിന്റെ മറ്റൊരു ചിത്രം മുകളിലെവരികളിൽ തെളിഞ്ഞു കാണാം. ജീവിത ദുരിതം പേറുന്ന ഇത്തരം ആളുകളെ നമ്മുക്ക് സഹായിക്കേണ്ടേ ഇവരുടെ ജീവിതാവസ്ഥകൾ ജനങ്ങളെ ബോധ്യപ്പെടുത്തുന്നതിന് ഉതകുന്ന ഒരു മുഖപ്രസംഗം തയ്യാറാക്കുക?

   - മുഖ്യധാരയിൽ നിന്ന് ജാതിയുടെ പേരിൽ മാറ്റി നിർത്തിയ മഹാർ സമുദായം
   - ശരൺ കുമാർ ലിംബാളെയും സമൂഹവും അനുഭവിച്ച യാതനകൾ
   - പരിതാപകരമായ ജീവിതാവസ്ഥ
   - വിശപ്പിന്റെ കാഠിന്യം
   - പാർശ്വവൽക്കരിക്കുന്നവരോടുള്ള അവഗണന
   - സമകാലികസംഭവങ്ങൾ
   - കൂട്ടായ്മകൾ രൂപപ്പെടേണ്ടതിന്റെ ആവശ്യം

# പാഠം - 2

# ഞാൻ കഥാകാരനായ കഥ

## എസ്.കെ പൊറ്റക്കാട്ട്

- നോവലിസ്റ്റ്, കഥാകാരൻ, സഞ്ചാരസാഹിത്യകാരൻ
- സാഹിത്യരചനയെ സംബന്ധിക്കുന്ന എഴുത്തുകാരന്റെ അനുഭവ വിവരണം
- സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്ന് ഹൃദയസ്പർശിയായ കഥകൾ
- താൻ എങ്ങനെ കഥാകാരനായി
- ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് നടന്ന സംഭവം എസ്.കെ പൊറ്റക്കാട്ടിനെ എഴുത്തുകാരനാക്കി.
- അക്ഷരജ്ഞാനമില്ലാത്ത മാതാവ്
- കഷ്ടപാട് സഹിച്ച് മകനെ പഠിപ്പിച്ച് ഉദ്യോഗസ്ഥനാക്കി
- ഉദ്യോഗസ്ഥയെ വിവാഹം കഴിച്ച് മറ്റൊരിടത്ത് താമസിച്ചു.
- അമ്മയെ ഉപേക്ഷിച്ചു
- മകന്റെ മനസ്സിളക്കാൻ എസ്.കെ പൊറ്റക്കാട്ടിനെ കൊണ്ട് അമ്മ കത്തെഴുതിച്ചു.
- മകന്റെ മനസ്സിളകി മകൻ അമ്മയെ സഹായിച്ചു.
- കഥാരചനയിൽ തന്റെ ഗുരു ആ വൃദ്ധമാതാവെന്ന് എസ്.കെ പൊറ്റക്കാട്ട്

**പ്രവർത്തനം I** (സ്കോർ 1)

1. അവൻ എന്നെ കുഷ്ഠം പിടിച്ച പട്ടിയെപ്പോലെ ആട്ടിയോടിച്ചു

   സന്ദർഭത്തിൽ തെളിയുന്ന സൂചന ?

   - അമ്മയ്ക്ക് കുഷ്ഠം പിടിച്ചു.

- അമ്മയ്ക്ക് പട്ടിയെ പേടിയാണ്
- മകന്റെ നിർദയത്വം.

◆ മകന്റെ നിർദയത്വം.

2. അവൻ പറഞ്ഞതെല്ലാം പാകപ്പെടുത്തി സ്വന്തം വകയായി ചില സരസ്വതീ വിലാസങ്ങളും ചേർത്ത് ഞാൻ മടയനായ മകന് തുടരെത്തുടരെ കത്തുകൾ എഴുതിയയച്ചു.

   അടിവരയിട്ട പ്രയോഗം സന്ദർഭത്തിന് നൽകുന്ന സവിശേഷാർത്ഥം കണ്ടെത്തുക?

- തന്റെ ഭാവന ചേർത്തെഴുതി
- ഭാഷാപരമായ മേന്മ നിലനിർത്തി എഴുതി
- ആത്മസാക്ഷാത്കാരത്തിന് വേണ്ടിയെഴുതി.

◆ ഭാഷാപരമായ മേന്മ നിലനിർത്തി എഴുതി

3. മാതൃക പോലെ മാറ്റി എഴുതുക

- വൃദ്ധമാതാവ് – വൃദ്ധയായ മാതാവ്
- നിത്യശാന്തി – നിത്യമായ ശാന്തി

4. ഞാൻ ഹൈസ്കൂളിൽ വിദ്യാർത്ഥിയായിരുന്ന കാലത്തുണ്ടായ ഒരു സംഭവമാണ് എന്നെ ചെറുകഥയെഴുതാൻ പ്രേരിപ്പിച്ചത്

- അർത്ഥ വ്യത്യാസം വരാതെ രണ്ടു വാക്യങ്ങളായി മാറ്റിയെഴുതുക
- ഞാൻ ഹൈസ്കൂൾ വിദ്യാർത്ഥിയായിരുന്ന കാലത്ത് ഒരു സംഭവമുണ്ടായി
- അതാണ് എന്നെ ചെറുകഥയെഴുതാൻ പ്രേരിപ്പിച്ചത്

5. ജ്ഞാനപീഠം പുരസ്ക്കാരം നേടിയ സാഹിത്യകാരൻ

- ശരൺ കുമാർ ലിംബാളെ
- എസ്.കെ പൊറ്റക്കാട്ട്
- വയലാർ രാമവർമ്മ

◆ എസ്.കെ പൊറ്റക്കാട്ട്

**പ്രവർത്തനം II** (സ്കോർ 2)

1. എനിക്ക് അപ്പോൾ സഹതാപവും തുടർന്ന് ഉള്ളിൽ ചിരിയും വന്നു

   (ഞാൻ കഥാകാരനായ കഥ)

   ആ മാന്യനെ കണ്ടപ്പോൾ എഴുത്തുകാരന് ഒരേ സമയം സഹതാപവും ചിരിയും ഉണ്ടായതിന്റെ കാരണം എന്ത്?

   - മനസ്സുരുകി മരിച്ച അമ്മയുടെ ജീവിത കഥ
   - ഭാര്യയുടെ നടപടി ദൂഷ്യം

2. അവർ കണ്ണീരിൽ കലർത്തിപ്പറഞ്ഞ കഥകൾ എന്നെ <u>വികാരപരവശനാക്കി-</u>

   അടിവരയിട്ട പദത്തിന്റെ പ്രയോഗഭംഗി വ്യക്തമാക്കുക.

   - വൃദ്ധമാതാവിന്റെ ജീവിത പ്രയാസങ്ങൾ
   - കഥാകൃത്തിൽ സൃഷ്ടിച്ച വൈകാരികഭാവം
   - വേദനകളും സങ്കടങ്ങളും വികാരനിർഭരമായി പങ്കുവെച്ചു.

3. ചെറുകഥകൾ കൊണ്ട് മറ്റാളുകളുടെ മനസ്സിളക്കാൻ എനിക്ക് കഴിഞ്ഞിട്ടുണ്ടോ? എന്നെനിക്കറിയില്ല എന്ന് എസ്.കെ പൊറ്റക്കാട്ട് പറയുന്നു. എന്നാൽ അദ്ദേഹം അഭിമാനത്തോടെ വിശ്വസിക്കുന്നു ഒന്നുണ്ട്. എന്താണത്.

   - ദരിദ്രമാതാവിന്റെ അന്ത്യകാലം ആശ്വാസകരമാക്കി.
   - പ്രേമാന്ധനായി വഴിപിഴച്ച യുവാവിനെ മാതൃഹൃദയത്തിന്റെ വേദന മനസ്സിലാക്കിച്ചു.

**പ്രവർത്തനം III** (സ്കോർ 4)

1. "ആ പ്രായത്തിലാണ് എന്നെത്തേടി
   കവിത വന്നണഞ്ഞത്
   എനിക്കറിയില്ല
   എവിടെ നിന്നാണത് വന്നെത്തിയ
   തെന്നെനിക്കറിയില്ല."

   -പാബ്ലോ നെരൂദ-

പാബ്ലോ നെരൂദയുടെ വാക്കകളുടെ വെളിച്ചത്തിൽ ഞാൻ കഥകാരായ കഥ എന്ന ലേഖനം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- എപ്പോഴാണ്, എവിടെ നിന്നാണ്, ഏതു പ്രായത്തിലാണ് കവിത വന്നതെന്ന് അറിയില്ല.
- തണുത്തു വിറയ്ക്കുന്ന ശിശിരം
- പതഞ്ഞൊഴുകുന്ന നദി
- പ്രപഞ്ചം, ജീവിതം
- എഴുത്തും വായനയും അറിയാതെ വൃദ്ധമാതാവ്
- മകന് കത്തെഴുതാൻ സമീപിക്കുന്നു
- കണ്ണീരണിഞ്ഞ കഥ
- മകന്റെ മനം മാറ്റം
- അമ്മയ്ക്ക് സംരക്ഷണം
- ജീവിതം-സാഹിത്യ രചനയ്ക്ക് വിഷയം

2. "എരിയുന്ന നെഞ്ചും പൊരിയുന്ന വയറുമായി നരകിക്കുന്ന ദരിദ്രമാതാവ്."

ഈ വാക്യത്തിലെ അർത്ഥ സൂചനകൾ എഴുതുക.

- അമ്മ അനുഭവിക്കുന്ന മാനസിക സംഘർഷം
- ദാരിദ്ര്യം അനുഭവിച്ച് വളർത്തിയ മകൻ സർക്കാർജോലി ലഭിച്ചപ്പോൾ അമ്മയെ ഉപേക്ഷിച്ചതിലുള്ള സങ്കടം
- വാർദ്ധക്യത്തിൽ അമ്മ അനുഭവിക്കുന്ന ദാരിദ്ര്യം പട്ടിണി, മാനസികാവസ്ഥ

## പ്രവർത്തനം IV (സ്കോർ 6)

1. അവനു വയറുനിറയെ ഉണ്ണാൻ വേണ്ടി ഞാൻ പഷ്ണി കിടന്നതും അവനു സ്കൂളിലേക്ക് ഒരു വരക്കോലും, ഷ്കൂർപെട്ടിയും വാങ്ങാൻ പൈസയില്ലാതെ ഞാൻ എന്റെ അരയിലെ ഏലസിനകത്ത് പണ്ടുപണ്ടേ കിടന്നിരുന്ന പൊൻപണം തൂക്കിവിറ്റതും മറ്റും അവന് ഓർമ്മയുണ്ടോ എന്നൊന്ന് എഴുതി ചോദിക്കൂ. ദൈവത്തെ മറന്ന് കളിക്കണ്ടാ എന്നും പറയണം ഇങ്ങനെയെല്ലാം മകനെ വളർത്തിയ അമ്മയെയാണ് ആ മകൻ ഉപേക്ഷിച്ചത്. (ഞാൻ കഥാകാരനായകഥ). ഇത്തരം സന്ദർഭങ്ങൾ ഇന്നും കേരളത്തിൽ നടക്കുന്നില്ലേ?

   പാഠസന്ദർഭത്തെ മുൻനിർത്തി സമകാലിക കേരളത്തിലെ സംഭവങ്ങളും ചേർത്ത് ഒരു പ്രതികരണകുറിപ്പ് തയ്യാറാക്കുക.

- പാഠസന്ദർഭം
- സമകാലിക കേരളത്തിന്റെ അവസ്ഥ
- ഉദാഹരണങ്ങൾ എഴുതുക
- പ്രതികരണം തയ്യാറാക്കുക.

# പാഠം - 3

# അശ്വമേധം

ആയുധത്തേക്കാൾ ശക്തി എഴുത്തിനും അവയെ പ്രതിഫലിപ്പിക്കുന്ന ഗ്രന്ഥങ്ങൾക്കുമുണ്ടെന്ന് ലോകം മനസ്സിലാക്കിയിട്ടുണ്ട്. ആശയ പ്രചരണത്തിലൂടെ ലോകത്തെ പുനർനിർമ്മിക്കുന്നതിൽ പുസ്തകങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. കാറൽ മാക്സ്, നെരൂദ, ടോൾസ്റ്റോയി, വള്ളത്തോൾ, കുമാരനാശാൻ, ശ്രീനാരായണഗുരു തുടങ്ങിയ എല്ലാ എഴുത്തുകാരുടെയും രചനകൾ കാലത്തെ, ലോകത്തെ പരിവർത്തനത്തിന് വിധേയമാക്കിയിട്ടുണ്ട്. ചരിത്രം പുനർനിർമ്മിക്കുക, സംസ്കാരം നവീകരിക്കുക എന്ന കർമ്മമാണ് എഴുത്തുകാരും അവരുടെ കൃതികളും ചെയ്യുന്നതെന്നാണ് വയലാർ രാമവർമ്മ അശ്വമേധം എന്ന കവിതയിലൂടെ തുറന്നുകാട്ടുന്നു. മനുഷ്യന്റെ സർഗശക്തിയിൽ ഉറച്ച് വിശ്വസിച്ച വയലാർ മനുഷ്യവംശം വിജയം നേടിയത് അവന്റെ ഉള്ളിൽ കുടികൊള്ളുന്ന സർഗശേഷിയിലാണെന്ന് അശ്വമേധത്തിലൂടെ തെളിയിച്ചു. കരുത്തിന്റെയും അധികാരത്തിന്റെയും പ്രതീകങ്ങളായ യാഗാശ്വത്തിന്റെ, മനുഷ്യശക്തിയുടെ യുഗങ്ങളായുള്ള വിജയപ്രയാണ മാണ് കാവ്യത്തിന്റെ പ്രതിപാദ്യം. മനുഷ്യന്റെ സർഗ്ഗശക്തിയാകുന്ന ചെമ്പൻ കുതിരയെ തളയ്ക്കാൻ ആർക്കാണ് സാധിക്കുകയെന്ന് കവിചോദിക്കുന്നു. കോടിക്കണക്കിന് പുരുഷാന്തരങ്ങളിലൂടെ നേടിയ ശക്തിയാണ് തന്റെ കുതുരയെ മുന്നോട്ടുനയിക്കുന്നത്. അമാനുഷികത കൊണ്ടല്ല മറിച്ച് പ്രകൃതിയോട് നിരന്തരം പടപൊരുതിയാണ് കരുത്താർജ്ജിച്ചതെന്നും കവി അശ്വമേധത്തിൽ വ്യക്തമാക്കുന്നു.

അശ്വമേധം - പ്രാചീനഭാരതത്തിലെ ചക്രവർത്തിമാർ ദിഗ്വിജയം നേടാനായി നടത്ത് വന്നിരുന്ന ഒരു മഹായാഗം. അശ്വമേധം എന്ന പദം വിജയയാത്രയുടെ പര്യായമായി മാറ്

**പ്രവർത്തനം I** (സ്കോർ 1)

1. "ദിഗ്വിജയത്തിനെൻ സർഗ്ഗ ശക്തിയാ-
   മിക്കുതിരയെ വിട്ടയക്കുന്നു ഞാൻ"
   ഇവിടെ കുതിര എന്തിന്റെ പ്രതീകമാണ്
   - സർഗശക്തിയുടെ

2. "ആരൊരാളെൻ കുതിരയെ ക്കെട്ടുവാൻ
   ആരൊരാളതിൻ മാർഗം മുടക്കുവാൻ"
   കവിയുടെ ആത്മവിശ്വസത്തിന് കാരണമെന്ത്?
   ◆ സർഗശക്തിയുടെ ആത്മവിശ്വാസം

3. താഴെ പറയുന്നവയിൽ വയലാറിനു യോജിക്കുന്ന വിശേഷണെ ഏത്?
   - ശക്തിയുടെ കവി
   - കവിത സാമൂഹിക പരിവർത്തനത്തിനുള്ള പടവാളാക്കിയ കവി
   - സ്നേഹ ഗായകൻ
   ◆ കവിതയെ സാമൂഹിക പരിവർത്തനത്തിനുള്ള പടവാളാക്കിയ കവി

4. മാതൃക പോലെ മാറ്റി എഴുതുക
   - ഇന്നലത്തെ ചരിത്രം - ഇന്നലത്തെ + ചരിത്രം
   - എത്രയെത്ര - എത്ര + എത്ര

5. "കോടികോടി പുരുഷാന്തരങ്ങളിൽ
   ക്കൂടിനേടിയതാണതിൽ ശക്തികൾ"
   ഈ വരികളിൽ നിന്ന് കാവ്യരചനയുമായി ബന്ധപ്പെട്ട് വ്യക്തമാകുന്നത് എന്ത്?
   - കാവ്യപാരമ്പര്യത്തിന് ദീർഘകാല ചരിത്രമുണ്ട്
   - കോടിക്കണക്കിന് വിജയികളുണ്ടായിരുന്നു.

**പ്രവർത്തനം II** (സ്കോർ 2)

1. അശ്വമേധം എന്ന കവിതയിലെ അശ്വം എന്തിന്റെയെല്ലാം പ്രതീകമാണ്.
   - സർഗശക്തി
   - കരുത്ത്
   - സാംസ്ക്കാരിക വികാസം
   - മാനവ ചരിത്രത്തിലെ തുടർയാത്ര

2. കോടികോടി ശതാബ്ദങ്ങൾ മുമ്പൊരു
   കാടിനുള്ളിൽ വച്ചെൻ പ്രപിതാമഹർ
   ഈ വരികളിലെ ഭാഷാപരമായ സവിശേഷതകൾ
   - ആദ്യത്തെ അക്ഷരവും രണ്ടാമത്തെ അക്ഷരവും ആവർത്തിക്കുന്നു.
   - ആദ്യാക്ഷര പ്രാസം
   ◆ ദ്വിതീയാക്ഷരപ്രാസം

3. "ഈശ്വരനല്ല മാന്ത്രികനല്ല ഞാൻ
പച്ച മണ്ണിൻ മനുഷ്യത്വമാണ് ഞാൻ"
ഈ വരികളുടെ ജീവിത വീക്ഷണം കണ്ടെത്തി എഴുതുക.

- ഈശ്വരനും മാന്ത്രികനും നമ്മെ അത്ഭുതപ്പെടുത്തും
- സാധാരണ മനുഷ്യന്റെ കരുത്തും കർമ്മവീര്യവുമാണ് കവിയുടെ കൈമുതൽ
- ജീവിതത്തെ അതിന്റെ എല്ലാ ക്ലേശങ്ങളോടെ കൂടി അനുഭവിക്കുന്നവനാണ് മനുഷ്യൻ
- മാനവ പുരോഗതിയ്ക്കുള്ള പച്ചമനുഷ്യന്റെ അധ്വാനവും പ്രശ്നങ്ങളുമാണ് കവിതയ്ക്ക് വിഷയമാകേണ്ടത്.

**പ്രവർത്തനം III** (സ്കോർ 4)

1. "എത്ര കൊറ്റക്കുടകൾ യുഗങ്ങളിൽ
കുത്തി നിർത്തിയ മുത്തണിക്കൂണുകൾ
അക്കുളമ്പടിയേറ്റേറ്റു വീണുപോയ്
അത്രയേറേ ഭരണകൂടങ്ങളും"
മനുഷ്യന്റെ സർഗശക്തിയുടെ അജയ്യമായ മുന്നേറ്റം വയലാർ ആവിഷ്കരിത്തിരിക്കുന്നതെങ്ങനെ? കാവ്യഭാഗം വിശകലനം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.

- ദുഷിച്ച അധികാര പ്രവണതകളെ ഇല്ലായ്മചെയ്യാൻ മനുഷ്യന്റെ സർഗ്ഗശേഷി സഹായിച്ചിട്ടുണ്ട്.
- ലോകത്തുണ്ടായ മഹാവിപ്ലവങ്ങൾക്കെല്ലാം ചാലകശക്തിയായത് സാഹിത്യമാണ്.

3 പട്ടിക ക്രമപ്പെട്ടുത്തുക.

| | |
|---|---|
| ആ പ്രായത്തിലാണ് എന്നെത്തേടി കവിത വന്നെതിയത് | വയലാർ രാമവർമ്മ |
| ചപ്പുചവറുകൾക്കൊപ്പം തുക്കിനോക്കേണ്ടത് ഞങ്ങളുടെ വിശപ്പാണെന്നെനിക്കുതോന്നി | പാബ്ലോ നെരൂദ |
| അവർ കണ്ണീരിൽ കലർത്തി പറഞ്ഞ കഥ എന്നെ വികാരപരവശനാക്കി | ശരൺകുമാർ ലിംബാളെ |
| പണ്ടു ദൈവം കടിഞ്ഞാണുമായ് വന്നു കൊണ്ടുപോയി സവാരികിറങ്ങുവാൻ | എസ്.കെ പൊറ്റക്കാട് |

- പാബ്ലോ നെരൂദ
- ശരൺകുമാർ ലിംബാളെ
- എസ്.കെ പൊറ്റക്കാട്
- വയലാർ രാമവർമ്മ

## പ്രവർത്തനം IV (സ്കോർ 6)

1. മാനവപുരോഗതിയുടെ ചിത്രമാണ് വയലാറിന്റെ അശ്വമേധം എന്ന കവിത വരച്ചു കാട്ടുന്നത്. അജയ്യമായ മനുഷ്യശക്തി" എന്ന വിഷയത്തിൽ ഉപന്യാസം തയ്യാറാക്കുക?
   - ജീവിതത്തിന്റെ എല്ലാ മേഖലയിലും പുരോഗതിയുടെ കഥയാണ് മനുഷ്യനുള്ളത്
   - ദശലക്ഷം വർഷങ്ങൾ പ്രകൃതിയുമായി മല്ലിട്ടാണ് മനുഷ്യൻ ഇന്നു കാണുന്ന ഈ ലോകം സൃഷ്ടിച്ചത്
   - ദുഷിച്ച അധികാര പ്രവണതകളെ ഇല്ലായ്മചെയ്യാൻ മനുഷ്യന്റെ സർഗ്ഗശേഷി സഹായകമായിട്ടുണ്ട്.
   - ലോകത്തുണ്ടായ മഹാവിപ്ലവങ്ങൾക്കെല്ലാം ചാലക ശക്തിയായി മാറിയത് സാഹിത്യമാണ്.
   - മനുഷ്യന്റെ ചിന്താശേഷിയാണ് പരിണാമങ്ങൾക്ക് പൊതുവായി തീർന്നത്.
   - സർഗസൃഷ്ടിയുടെ യഥാർത്ഥലക്ഷ്യം ലോകപുരോഗതിയും നന്മയുമാണ്.

# യൂണിറ്റ് V
# കലകൾ കാവ്യങ്ങൾ

**പാഠങ്ങൾ**

1. ഉരുളക്കിഴങ്ങ് തിന്നുന്നവർ - സുഭാഷ് ചന്ദ്രൻ (ചെറുകഥ)
2. മൈക്കലാഞ്ജലോ മാപ്പ്- ഒ.എൻ.വി കുറുപ്പ് (കവിത)

## ആമുഖം

മാനവരാശിയുടെ ജീവിതം രസകരവും മനോഹരവും ഉന്മേഷഭരിതവുമായി മുന്നോട്ടു നയിക്കുന്നതിൽ കലകൾ വഹിക്കുന്ന പങ്ക് വളരെ വലുതാണ്.

കലാരൂപങ്ങൾ വൈവിധ്യം നിറഞ്ഞതാണെങ്കിലും അവയ്ക്ക് തമ്മിൽ അദൃശ്യമായ ഒരു ബന്ധമുണ്ട്. കലകളുടെ നാശം നമ്മുടെ സംസ്കാരത്തിന്റെ കൂടി നാശമാണ്. കലകളും കാവ്യങ്ങളും ആസ്വദിക്കുന്നതോടൊപ്പം നമ്മുടെ സംസ്കാരികത്തനിമയും പാരമ്പര്യവും കാത്തുസൂക്ഷിക്കാനുള്ള സന്ദേശം പകർന്നു നൽകുന്നതാണ് ഈ യൂണിറ്റ്.

യൂണിറ്റിന്റെ പ്രവേശകമായി കൊടുത്തിരിക്കുന്നത് ലോകപ്രശസ്ത ചിത്രകാരൻ വിൻസെന്റ് വാൻഗോഗിന്റെ 'പൊട്ടറ്റോ ഈറ്റേഴ്സ്' എന്ന ചിത്രമാണ്.. ഈ ചിത്രത്തെ ആസ്പദമാക്കി ശ്രീ. സുഭാഷ്ചന്ദ്രൻ രചിച്ച ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന ചെറുകഥയാണ് ആദ്യപാഠം.

മൈക്കലാഞ്ജയുടെ 'പിയാത്ത' എന്ന ശില്പം 1972 മെയ് 21 ന് മയക്കുമരുന്നിന്റെ ഉന്മാദം ബാധിച്ച ഒരു ചെറുപ്പക്കാരൻ തകർത്ത വിവരം പത്രവാർത്തയിലൂടെ അറിഞ്ഞ ഒ.എൻ.വി കുറുപ്പ് അത് പ്രമേയമാക്കി രചിച്ച കവിതയാണ് 'മൈക്കലാഞ്ജലോമാപ്പ്.'

# പാഠം – 1

# ഉരുളക്കിഴങ്ങ് തിന്നുന്നവർ

ലോകപ്രസിദ്ധ ചിത്രകാരൻ വിൻസെന്റ് വാൻഗോഗിന്റെ പൊട്ടറ്റോ ഈറ്റേഴ്സ് എന്ന ചിത്രത്തിൽ നിന്ന് പ്രചോദനം ഉൾക്കൊണ്ട് സുഭാഷ്ചന്ദ്രൻ രചിച്ച കഥയാണ് ഉരുളക്കിഴങ്ങ് തിന്നുന്നവർ. റഷ്യയിലെ ഖനിത്തൊഴിലാളികളുടെ ജീവിതദുരന്തങ്ങളാണ് ഈ ചെറുകഥയുടെ ഉള്ളടക്കം. ദൂരെ ഏതോ ഖനിയിൽ അപകടത്തിൽപ്പെട്ട മകനെക്കുറിച്ച് അന്വേഷിച്ച് മടങ്ങി വരുന്ന പരിക്ഷീണിതനും ദുഃഖിതനുമായ കിഴവൻ മിറലിൽ തുടങ്ങി. മകന്റെ ഭാര്യ ജൂലിയാന, ഭർത്തൃ പിതാവിന്റെ മുഖത്തു പ്രതിഫലിച്ച കനത്തദുഃഖം, വേദന തുടങ്ങിയവയിലൂടെ തന്റെ ഭർത്താവിന്റെ മരണം വായിച്ചെടുക്കുന്ന വൈകാരിക തീവ്രമായ മുഹൂർത്തത്തിൽ കഥ അവസാനിക്കുന്നു. ഖനിത്തൊഴിലാളികളുടെ മാനസിക – സാമൂഹിക, ജീവിതാവസ്ഥകൾ, സൂചനകൾ, ബിംബകല്പനകൾ, ധ്വന്യാത്മക പ്രയോഗങ്ങൾ തുടങ്ങിയവയിലൂടെ ഭാവസാന്ദ്രമായ ഗദ്യശൈലിയിൽ വായനക്കാരന്റെ ഹൃദയത്തിൽകനത്ത നൊമ്പരമായ് അവശേഷിക്കത്തക്കവിധം കഥാകാരൻ അവതരിപ്പിച്ചിരിക്കുന്നു.

## പാഠഭാഗത്തെ പ്രധാന ആശയങ്ങൾ

- ഖനിയിൽ ജോലിക്കുപോയ മകന്റെ ചതഞ്ഞരഞ്ഞ മൃതശരീരം കണ്ട വേദനയോടെയും മാനസിക സംഘർഷത്തോടെയും പിതാവായ മിറൽ മടങ്ങിയെത്തുന്നു.
- മിറലിന്റെ മകന്റെ മരണവിവരം കഥാകാരൻ സ്പഷ്ടമായി കഥയിലൊരിടത്തും പരാമർശിക്കുന്നില്ല.
- ചില പരാമർശങ്ങളും ധ്വന്യാത്മക വാചകങ്ങളും ബിംബകല്പനകളുമായാണ് നൽകിയിട്ടുള്ളത്.
- കഥയുടെ ആരംഭത്തിലെ അസ്തമയം എന്ന വാക്കുതന്നെ ഉദാഹരണമാണ്.
- മിറലിന്റെ വേച്ചുവേച്ചുള്ള നടത്തവും ഇടം വലം ഉലയുന്നമട്ടിൽ തന്റെ വീട് അടുത്തു വരുന്നതായി അയാൾക്കു തോന്നുന്നതായുള്ള കല്പനയും ഇതുതന്നെയാണ്

സൂചിപ്പിക്കുന്നത്.

- വീട് വെളുത്ത ഒരു പൂവെച്ച ഏകാന്ത ശവകുടീരമായി കണ്ടു.

  "കണ്ടോ അച്ഛാ" എന്ന മരുമകളുടെ ചോദ്യത്തിന് "ഇല്ല" എന്ന ഉത്തരം.

- ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന തീക്കനലായി ആ ചോദ്യം മിറലിനു തോന്നി.
- ഘടികാര ശബ്ദത്തിന് കുരിശ്ശിൽ നിന്ന് തുള്ളി തുള്ളിയായി ചോരയിറ്റിറ്റു വീഴുന്ന ശബ്ദത്തിനോടുള്ള സാദൃശ്യം.
- ഉരുളക്കിഴങ്ങുകാണുമ്പോൾ മണ്ണിനടിയിൽപ്പെട്ട് ചതഞ്ഞ് മുഖം പൊട്ടി വികൃതമായ് ഒന്നിനെയും തിരിച്ചറിയാനാകാത്ത വിധത്തിൽ മുടിയും തൊലിയും ഉരിഞ്ഞ് പറിഞ്ഞ് എന്ന് മിറൽ ചിന്തിക്കുന്നു.
- വൃദ്ധന്റെ കടക്കണ്ണിൽ നിന്ന് ചോര പൊടിഞ്ഞു
- ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി ജൂലിയാന ഉറങ്ങുപോയി.
- അതുപോലെ തന്നെ അവരുടെ ദാരിദ്ര്യവും ചില പ്രയോഗങ്ങൾ, സൂചനകൾ എന്നിവയിലൂടെ പരാമർശിച്ചിരിക്കുന്നു.
- നന്നേ താഴ്ന്ന മേൽക്കൂരകൾ, വർഷങ്ങളുടെ മാറാലയും അഴുക്കും ദുഃഖവും അടിഞ്ഞ് മ്ലാനമായ ചുമരുകൾ
- അഴുക്കുപിടിച്ച മേശവിരി
- വിള്ളലുകൾ വീണ കവിടിക്കപ്പുകൾ

ആണി പറിഞ്ഞു നിലംപൊത്താറായ മേശ

## പ്രവർത്തനം I (സ്കോർ 1)

1. പകരം പദം എഴുതുക

   അരോചകം (രുചിയുള്ളത്, രുചിക്കാത്തത്, അരുചിയുള്ളത്)

2. മാതൃകപോലെ എഴുതുക

പുത്രഭാര്യ - പുത്രന്റെ ഭാര്യ

ജനാലപ്പഴുത്

3. മണ്ണിനടിയിൽപ്പെട്ട് ചതഞ്ഞ്, മുഖം പൊട്ടി വികൃതമായി ഉരുളക്കിഴങ്ങിനെ അവതരിപ്പിക്കുന്നതിലൂടെ കഥാകാരൻ സൂചിപ്പിക്കുന്നതെന്ത്?

(മകന്റെ മരണം, ഉരുളക്കിഴങ്ങിന്റെ രൂപം)

4. ഇടം വലം ഉലഞ്ഞ് വീട് അടുത്തുവന്നു.

ഇവിടെ പ്രകടമാകുന്ന മിറലിന്റെ മാനസികാവസ്ഥ എന്ത്?

(വീട് ഇടിഞ്ഞു വീഴുന്നു, അച്ഛന്റെ ദുഃഖഭരിതമായ മനസ്സ്)

5. ആ മുറിയുടെ അങ്ങേഭാഗത്ത് ആണിപറിഞ്ഞ് നിലം പൊത്താറായി ഒരു മേശയ്ക്കു ചുറ്റും അവർ ഇരുന്നു. ഈ വരികളിലൂടെ തെളിയുന്ന മിറലിന്റെ കുടുംബത്തിന്റെ അവസ്ഥ എന്ത്?

(ദാരിദ്ര്യം)

## പ്രവർത്തനം II (സ്കോർ 2)

1 ഭർത്താവിന്റെ ഇരിപ്പിടത്തിൽ എക്കാലത്തേക്കുമായി താൻ ഉറഞ്ഞുപോകുന്നതായ് ജൂലിയാന അറിഞ്ഞു. ഈ വാചകത്തിന്റെ ധ്വനി എന്ത്?

ഉത്തരസൂചന

- ഭർത്താവിന്റെ വേർപാട് തിരിച്ചറിയുന്നു.
- ഇനി എല്ലാ ഉത്തരവദിത്തങ്ങളും ജൂലിയാനയുടേതാണ്.

2. ആ നിമിഷം ചുമരിലെ ഘടികാരത്തിൽ നിന്ന് തുള്ളിതുള്ളിയായ് ചോരയിറ്റുന്ന ശബ്ദം അവൾ കേട്ടു സന്ദർഭമേത് ? സൂചനയെന്ത്?

◆ **ഉത്തര സൂചന**

- മിറൽ തിരിച്ചെത്തിയ ശേഷം മകനെ കണ്ടില്ല. എന്നു മാത്രം പറഞ്ഞു.
- മറ്റുള്ളവരെല്ലാം നിശബ്ദരായി.

- ഘടികാരസൂചിയുടെ ശബ്ദം മാത്രം മുഴങ്ങിക്കേട്ടു.

3. "കണ്ടോ അച്ഛാ?" എന്ന ജൂലിയാനയുടെ ചോദ്യം കേട്ടപ്പോൾ ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു- കാരണമെന്താവാം?

- ഘടികാരസൂചിയുടെ ശബ്ദം മാത്രം മുഴങ്ങിക്കേട്ടു.

3. "കണ്ടോ അച്ഛാ?" എന്ന ജൂലിയാനയുടെ ചോദ്യം കേട്ടപ്പോൾ ശീതകാലത്തിന്റെ പ്രഭാവത്തെ കീഴ്പ്പെടുത്തുന്ന ഒരു തീക്കനൽ കിഴവൻ മിറലിന്റെ നെഞ്ചിൽ വീണു- കാരണമെന്താവാം?

◆ **ഉത്തര സൂചന**

- മകന്റെ മരണവാർത്ത മിറൽ മനസ്സിലൊതുക്കി
- വീട്ടിൽ ആരോടും പങ്കിടാൻ ആഗ്രഹിച്ചില്ല.
- മരുമകളുടെ ചോദ്യത്തിന് എന്തു പറയണമെന്നറിയാത്ത അവസ്ഥ.

## പ്രവർത്തനം III (സ്കോർ 4)

1. മകന്റെ വീട്ടിൽ ആരോടും ദുഃഖം പങ്കിടാനാകതെ സ്വയം ഏറ്റുവാങ്ങിയ പിതാവാണ് ഉരുളക്കിഴങ്ങ് തിന്നുന്നവരിലെ കിഴവൻ മിറൽ- കഥാപാത്ര നിരൂപണം തയ്യാറാക്കുക

◆ **ഉത്തര സൂചന**

- വൃദ്ധൻ, ദരിദ്രൻ
- മകന്റെ മരണവാർത്ത അറിഞ്ഞു.
- കുടുംബത്തിൽ ആരെയും അറിയിച്ചില്ല.
- ഭക്ഷണം പോലും കഴിക്കാനാകാതെ അസ്വസ്ഥൻ.

2. ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥയിൽ മകന്റെ മരണം സൂചിപ്പിക്കുന്ന അനേകം സന്ദർഭങ്ങളുണ്ട് അവ കണ്ടെത്തി എഴുതുക.?

- ആരംഭത്തിലെ അസ്തമയം എന്ന വാക്ക്
- മിറലിന്റെ വേദന, വേച്ചുവേച്ചുള്ള നടത്തം
- ഇടം വലം ഉലഞ്ഞ് വീട് അടുത്തു വന്നു.

- വീട് അപരിചിതമായി തോന്നി
- വെളുത്ത പൂവെച്ച ഏകാന്തമായ ശവകുടീരം
- മരുമകളെ നോക്കാതെ നിൽകുന്ന മിറൽ
- ഘടിക്കാരത്തിൻ നിന്ന് തുള്ളി തുള്ളിയായി താഴേക്കിറ്റുവീണു
- കുരിശിൽ നിന്ന് തുള്ളി തുള്ളിയായി ചോരയിറ്റുന്ന ശബ്ദം
- മണ്ണിനടിയിൽപെട്ട് ചതഞ്ഞ് മുഖം പൊട്ടി
- വൃദ്ധന്റെ കണ്ണിൽ നിന്ന് ചോര പൊടിഞ്ഞു
- ഭർത്താവിന്റെ ഇരിപ്പിടത്തിൽ ഉറഞ്ഞുപോയി.

## പ്രവർത്തനം IV (സ്കോർ 6)

1. അടിമത്തവും ദാരിദ്ര്യവും അനുഭവിക്കുന്ന ഖനിത്തൊഴിലാളികളുടെ ജീവിതയാതനയുടെ ആവിഷ്കരണമാണ്. ഉരുളക്കിഴങ്ങ് തിന്നുന്നവർ എന്ന കഥ. പാഠഭാഗത്തെ ആശയങ്ങളും പ്രയോഗങ്ങളും ബിംബകല്പനകളും ഉൾപ്പെടുത്തി കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

◆ **ഉത്തര സൂചന**

- വിൻസെന്റ് വാൻഗോഗിന്റെ പൊട്ടറ്റോ ഈറ്റേഴ്സ് എന്ന ചിത്രം ആസ്പദമാക്കി സുഭാഷ് ചന്ദ്രൻ രചിച്ച കഥ.
- ഇടം വലം ഉലഞ്ഞ് വീട് അടുത്തു വന്നു ഇത്തരം സവിശേഷപ്രയോഗങ്ങൾക്ക് കഥയിലുള്ള സ്ഥാനം.
- ചുമരിലെ ഘടിക്കാരത്തിൻ നിന്ന് തുള്ളി തുള്ളിയായി താഴേക്കിറ്റുവീണു ഇത്തരം ബിംബകല്പനയ്ക്ക് കഥയിലുള്ള സ്ഥാനം
- മകന്റെ ദുരന്തവാർത്ത അറിഞ്ഞ പിതാവിന്റെ മാനസികാവസ്ഥ. കഥയിലുടനീളമുള്ള വാങ്മയചിത്രങ്ങൾ

- കഥാപാത്രങ്ങളുടെ വേഷം. സംഭാഷണം, പ്രകൃതം അവതരിപ്പിക്കുന്നതിൽ കഥാകൃത്ത് സ്വീകരിച്ച തന്ത്രങ്ങൾ
- കഥാസന്ദർഭങ്ങളിൽ സൂചിതമാകുന്ന ദാരിദ്ര്യം.

ഇതര സൂചനകൾ.

# പാഠം – 2

# മൈക്കലാഞ്ജലോ മാപ്പ്

## ഒ.എൻ.വി. കുറുപ്പ്

ലോകത്തിലെ ഏറ്റവും മനോഹരമായ സൃഷ്ടികളിൽ ഒന്നാണ് മൈക്കലാഞ്ജലോയുടെ ലാ പിയത്ത എന്ന ശില്പം. 1499-ൽ റോമിലെ സെന്റ്പീറ്റേഴ്സ് ബസിലിക്കയിലാണ് ഇത് നിർമ്മിച്ചത്.

1972 മെയ് 21 ന് മയക്കുമരുന്നിന്റെ ഉന്മാദം ബാധിച്ച ഒരു ചെറുപ്പക്കാരൻ ചുറ്റികകൊണ്ട് ഈ ശില്പത്തിന്റെ നേർക്കു നടത്തിയ ആക്രമണത്തെ പറ്റിയുള്ള പത്രവാർത്തയുടെ പശ്ചാത്തലത്തിലാണ് ഒ.എൻ.വി കുറുപ്പ് മൈക്കലാഞ്ജലോ മാപ്പ് എന്ന കവിത രചിച്ചത്. പിയത്ത എന്ന കലാശില്പത്തിന്റെ സൃഷ്ടിനേരിൽ കണ്ടതുപോലെയുള്ള, അത് തകർക്കുന്നതിന് ദൃക്സാക്ഷിയായിരുന്നു എന്ന മട്ടിലുള്ളതാണ് കവിതയുടെ അവതരണം. സൃഷ്ടിയും നാശവും ഒരേ ഉപകരണത്താൽ നടക്കുന്നു ജഡശിലയ്ക്ക് ഒരാൾ ജീവൻ പകർന്നപ്പോൾ അതും അനേക കാലത്തെ പരിശ്രമ ഫലമായി. ഒരു നിമിഷം കൊണ്ട് മറ്റൊരാൾ എല്ലാം തവിട്പൊടിയാക്കി. സൃഷ്ടിയുടെ പിന്നിലെ പ്രയത്നം, ത്യാഗം, സംഹാരത്തിനു പിന്നിലെ ഉന്മാദാവസ്ഥ എല്ലാം അതീവ ഹൃദ്യമായി ഈ കവിതയിൽ അവതരിപ്പിച്ചിട്ടുണ്ട് ഒ.എൻ.വി.

ലോകത്തിലെ മനോഹരമായ ശില്പങ്ങളിൽ ഒന്നാണ് മൈക്കലാഞ്ജലോയുടെ ലാ പിയത്ത. ഈ ശില്പത്തിനു നേരെ 1972 -ൽ മയക്കുമരുന്നിന് അടിമയായ ഒരാൾ നടത്തിയ ആക്രമണത്തെക്കുറിച്ചുള്ള പത്രവാർത്തയുടെ പശ്ചാത്തലത്തിലാണ് ഒ.എൻ.വി കുറുപ്പ് മൈക്കലാഞ്ജലോ മാപ്പ് എന്ന കവിത രചിച്ചത്. പിയത്ത നേരിൽ കാണുന്നതുപോലെയുള്ള അനുഭവമാണ് ഈ കവിതയിലൂടെ ഒ.എൻ.വി കുറുപ്പ് പകർന്നു തരുന്നത്. മകന്റെ മരണം ക്രിസ്തുവിന്റെ മാതാവിൽ സൃഷ്ടിക്കുന്ന വേദന അദ്ദേഹം വാക്കുകളിലൂടെ കൊത്തിവയ്ക്കുന്നത് അതീവ ഹൃദ്യമാണ്.

മൈക്കലാഞ്ജലോ ഈ ശില്പം നിർമ്മിക്കുന്നതിനായി ഊണും ഉറക്കവും വെടിഞ്ഞ് പരിശ്രമം ചെയ്തതിന് താൻ സാക്ഷിയായിരുന്നു എന്ന് കവിതയിൽ പറയുന്നു. സർഗ്ഗസൃഷ്ടിയുടെ വേദനയും ത്യാഗവും കവി അതേ അളവിൽ ഉൾക്കൊണ്ടു എന്നു സാരം.

ഇതുപോലെ അനശ്വരമായ ഒരു ശില്പം ലോകത്തിന് സമ്മാനിച്ചതിന് കവി ശില്പിക്കു നന്ദി പറയുന്നു. വെറുമൊരു ജഡശില്പത്തിൽ നിന്ന് ജീവൻ തുളുമ്പുന്ന ഒരു ശില്പം കൊത്തിയെടുത്തതിലൂടെ ആ ശില്പി അനശ്വരത നേടി.

എന്നാൽ ഈ കാലഘട്ടത്തിന്റെ ഭ്രാന്തൻചിന്തകളുടെ പ്രതീകമെന്നോണം കടന്നുവരുന്ന ഉന്മാദിയായി ഒരു യുവാവ് ആ ശില്പം തകർക്കുന്നു.

ഏതൊരു ഉപകരണമാണോ ശില്പ സൃഷ്ടിക്ക് ഹേതുവായത് അതേ ഉപകരണം തന്നെ സംഹാരത്തിനും ഹേതുവായി. താൻ ജീവിക്കുന്ന കാലഘട്ടത്തിൽ നടന്ന ഹൃദയഭേദകമായ ഒരു കൃത്യമായതിനാലാണ് കവി മൈക്കലാഞ്ജലോയോട് മാപ്പ് ചോദിക്കുന്നത്.

## പാഠഭാഗത്തെ പ്രധാന ആശയങ്ങൾ

- യേശുക്രിസ്തുവിന്റെ ജഡംകുരിശിൽ നിന്നിറക്കുമ്പോൾ താഴെ ദുഃഖത്തിൽ സൂര്യശിലയായി അമ്മയിരുന്നു.
- സ്വന്തം മകന്റെ ആറിത്തണുത്ത തിരുഗാത്രം മടിയിൽ താങ്ങി ആ അമ്മ ഇരുന്നു.
- ലില്ലിപൂവിൻ ശോണരേഖകൾ പോലെ തിരുശോണിതം വാർന്ന പാടുകൾ ഉടലിലാകെ കാണാമായിരുന്നു.
- പാതികൂമ്പിയ തിരുമിഴികൾ താത നീയിവരോടു പൊറുക്കേണമേ എന്നു പ്രാർത്ഥിക്കുന്നതുപോലെ കാണപ്പെട്ടു.
- മുത്തിനെ നഷ്ടപ്പെട്ട പാഴ്ചിപ്പിപോലെ, കണ്ണീരിറ്റ്, വാക്കുകളില്ലാതെ വിങ്ങുന്ന ഉൾത്താപം പോലെ അമ്മയിരുന്നു.
- പിയത്തയെ നോക്കി നിൽക്കുമ്പോൾ അതിന്റെ സൃഷ്ടിക്കുപിന്നിലെ ഉജ്ജ്വല മുഹൂർത്തങ്ങൾകവിയുടെ ഉള്ളിൽ ഉദിച്ചു.
- അറിമത്യായിലെ ഔസേപ്പിനും, ഗലീലി സ്ത്രീകൾക്കും ഒപ്പം കവിയും ദൃക്സാക്ഷിയായിരുന്നു.
- ഭൂമിക്കൊപ്പം ദുഃഖച്ചുമടുമായിരിക്കുന്ന ആ അമ്മയെ കവി അടുത്തറിയുന്നു.
- തനിക്കിതെല്ലാം പറഞ്ഞുതന്ന ഗൈഡിനും ഇതിനെല്ലാം രംഗഭൂമിയായ വത്തിക്കാനും പിന്നെ ഇതെല്ലാം അനശ്വരമാക്കിയ ശില്പിക്കും കവി നന്ദിയോതുന്നു.
- ശില്പിയുടെ കൈകൾ ചലിക്കുന്നത് കവി കൺമുന്നിൽ കാണുന്നതായി പറയുന്നു.

- ശില്പ നിർമാണത്തിനായി ശില്പി ചെയ്ത ത്യാഗങ്ങൾ കവി നേരിട്ടു കണ്ടതായി പറയുന്നു.
- ശില്പിയുടെ ചുറ്റിക വെണ്ണക്കല്ലിനു മീതെ കരിവണ്ടുപോൽ ചുറ്റിപ്പറന്ന് ഉളിയുടെ നിറുകയിൽ ചുംബിക്കുമ്പോഴുള്ള ഹർഷോന്മാദ സീൽക്കാരം കവി കേട്ടു.
- ഇന്നലെവരെ ജഡശിലയായിരുന്നതിൽ നിന്നും കരുണയുടെ ഭാവഗാനത്തെ ശില്പി തൊട്ടുതൊട്ടുണർത്തുന്നത് കണ്ട് ശില്പിയോടൊപ്പം ഉറങ്ങി, ഉണർന്നു.
- ഇത്രയും മനോഹരമായ ഒരു ശില്പം നിർമ്മിച്ചതിന് കവി ശില്പിയോട് നന്ദിപറയുന്നു.

  അടുത്ത നിമിഷം തന്നെ ഇടിവെട്ടുപോലെ ഒരു ശബ്ദം കവി കേട്ടു.
- ശില്പത്തിന്റെ വെളുത്ത കൈത്താമര പൊട്ടും പൊടിയുമായി തകർന്നു വീണു.
- നിഷാദ, നിർത്തു- എന്ന് കവി വിളിച്ചു പറഞ്ഞു ഉറങ്ങുവാൻ പോലും ഡ്രഗ്ഗുകൾ തേടിപോകുന്ന പുതുതലമുറയുടെ പ്രതീകമാണ് ആ ശില്പഭഞ്ജകൻ. തച്ചുടയ്ക്കുവാൻ മാത്രമാണവൻ ചുറ്റികയെടുത്തത്. അവന് ബിംബഭഞ്ജ പരിവേഷം നൽകാനെന്നോളളം ക്യാമറകൾ കൺചിമ്മി.
- ആ ഉന്മാദി ചെയ്ത തെറ്റിന് കവി മൈക്കലാഞ്ജലോയോട് മാപ്പ് ചോദിച്ചു.

**പ്രവർത്തനം I** (സ്കോർ 1)

1. മാതൃകപോലെ എഴുതുക.
    - ഉജ്ജ്വലമുഹൂർത്തം - ഉജ്ജ്വലമായ മുഹൂർത്തം
    - വാത്സല്യാർദ്രം
    - ഭ്രാന്തജല്പനം
    - ബിംബഭഞ്ജക പരിവേഷം നൽകാനെന്നോണം
    - മാതൃദുഃഖം
2. നിന്റെ സ്വപ്നത്തിലുൽഫുല്ലമാം

   സൗന്ദര്യത്തെക്കണ്ടു

   അടിവരയിട്ട പ്രയോഗത്തിന്റെ പകരം പദമെഴുത്തുക.

3. പിരിച്ചെഴുതുക

തൃപ്പുത്രൻ - തിരു + പുത്രൻ, തൃ + പുത്രൻ, തൃ + പ്പുത്രൻ

4. മകന്റെ മരണത്തിൽ നെഞ്ചകം പിളർന്നിരിക്കുന്ന അമ്മയെ എങ്ങനെയാണ് ചിത്രീകരിച്ചിരിക്കുന്നത്?

(മുത്തിനെ നഷ്ടപ്പെട്ട ചിപ്പിയായി, ചിപ്പിയെ നഷ്ടപ്പെട്ട മുത്തായി)

5. ദുഃഖത്തിന്റെ സൂര്യശില

ഈ പ്രയോഗത്തിന്റെ പൊരുൾ എന്ത്?

(ഖനീഭവിച്ച ദുഃഖത്തിന്റെ തീവ്രത, സൂര്യനും, ശിലയും, സൂര്യനേപ്പോലുള്ള ശില)

**പ്രവർത്തനം II** (സ്കോർ 2)

1. അവനു ചുറ്റും. ബിംബഭഞ്ജക പരിവേഷമണിയിക്കുവാനേതോ ക്യാമറ കൺ ചിമ്മുന്നു. ഈ വരികളിലെ സാമൂഹ്യവിമർശനം കണ്ടെത്തി എഴുതുക.
ഒരു കലാസൃഷ്ടിക്കു പിന്നലെ ത്യാഗവും പരിശ്രമവും മനസ്സിലാക്കാത്ത പുതു തലമുറ. നിന്ദ്യമായവ ചെയ്യുന്നവർക്കുപോലും ശ്രേഷ്ഠത കൽപ്പിച്ചുകൊടുക്കുന്ന സമൂഹത്തിന്റെ ദുഷ്ട പ്രവണത.

2. അമ്മയെ ദുഃഖത്തിന്റെ സൂര്യശിലയായി കൽപിച്ചതിന്റെ ഔചിത്യമെന്ത്?

- വേദനയുടെ തീക്ഷ്ണത
- ഘനീഭവിച്ച വേദന ശിലാരൂപം പ്രാപിച്ചപോലെ ചലനമറ്റ് അമ്മയുടെ ഇരുപ്പ്

3. ശില്പ നിർമ്മാണം പൂവിരിയും പോലെയാണ് എന്നക്കാര്യം കവി ആവിഷ്കരിച്ചിരിക്കുന്നതെങ്ങനെ?

സർഗ്ഗമംഗലഗാനം പോലെയുള്ള കൈകളുടെ ചലനം കുളിൽ വെണ്ണക്കല്ലിനു മീതെ ചുറ്റിക കരിവണ്ടുപോൽ പറന്ന്, ഉളിയുടെ നെറുകയിൽ ചുംബിക്കുന്നു.

**പ്രവർത്തനം III** (സ്കോർ 1)

1. 'മൈക്കലാഞ്ജലോ മാപ്പ്'

തലക്കെട്ടിന്റെ ഔചിത്യം എന്ത്?

- ശില്പനിർമാണത്തിന് ശില്പി അനുഭവിച്ചത്യാഗം.

- സാഹിത്യം, കല തുടങ്ങിയവ സംസ്കാരത്തിന്റെ അടയാളങ്ങൾ
- ശില്പഭഞ്ജനത്തിൽ കവിയുടെ വേദന
- അതിലൂടെ തകർക്കപ്പെടുന്ന സാംസ്കാരിക പൈതൃകങ്ങൾ
- താൻ കൂടി ഉൾപ്പെട്ട കാലത്ത് ശില്പഭഞ്ജനം നടക്കുകയാണ്
- കവിക്കും അതിൽ ഉത്തരവാദിത്തം ഉണ്ടെന്ന തോന്നൽ

2. മദ്യവും മയക്കുമരുന്നും പുതുതലമുറയെ എത്ര അധമമായ മാനസികാവസ്ഥയിലൂടെയാണ് നയിക്കുന്നത് എന്നതിനെപ്പറ്റി മൈക്കലാഞ്ജലോ മാപ്പ് എന്ന കവിതയുടെ പശ്ചാലത്തിൽ പ്രസംഗം തയ്യാറാക്കുക.

◆ **ഉത്തര സൂചന**

- സംബോധന
- അടുക്കും ചിട്ടയുമായുള്ള അവതരണം
- ലളിതവും ഉചിതവുമായ ഭാഷ
- പാഠഭാഗത്തെ കുറിച്ച് സൂചന
- സമകാലസാഹചര്യത്തിൽ ലഹരിയുടെ ഉപയോഗം വരുത്തിവച്ചു കൊണ്ടിരിക്കുന്ന പ്രശ്നങ്ങൾ.
- അവയുടെ പരിഹാരം

3. ശില്പനിർമ്മാണത്തിൽ കവിയും ദൃക്സാക്ഷി ആയിരുന്നു എന്ന മട്ടിൽ കവി നിരത്തുന്ന സൂചനകൾ എന്തെല്ലാം?

കുളിർ വെണ്ണക്കല്ലിനുമിതെ പറക്കുന്ന കരിവണ്ടാകുന്ന ചുറ്റിക കവി കാണുന്നു.

ഉളി വെണ്ണക്കല്ലിൽ ചുംബിക്കുന്ന സീൽക്കാരം കേൾക്കുന്നു.

ജഡശിലയിൽ നിന്ന് കരുണയുടെ ഭാവഗാനം രൂപമെടുക്കുന്നത് കാണുന്നു.

ശില്പിയോടൊപ്പം ഉറങ്ങി, ഉണർന്നു

കലയുടെ അനശ്വര സൃഷ്ടിയിൽ പങ്കാളിയായി.

## പ്രവർത്തനം IV (സ്കോർ 6)

1. ഉത്തമ കലാസൃഷ്ടികൾ മനുഷ്യ സംസ്കാരത്തെ എക്കാലത്തും ഉദാത്തമാക്കുന്നു

പൊട്ടറ്റോ ഈറ്റേഴ്സ്, ഉരുളക്കിഴങ്ങു തിന്നുന്നവർ, പിയാത്ത - മൈക്കലാഞ്ജലോ മാപ്പ് തുടങ്ങിയ കലാസൃഷ്ടികളുടെ അടിസ്ഥാനത്തിൽ ഉപന്യാസം തയ്യാറാക്കുക

4 കലാസൃഷ്ടികളെക്കുറിച്ച് ലഘുവിവരണം

- സൃഷ്ടികളുടെ മഹത്വം
- സംഹാരത്തിന്റെ അധമത്വം.
- കല മനുഷ്യസംസ്കാരത്തിന്റെ പ്രതീകം
- അത് തകരാനോ തകർക്കാനോ പാടില്ല.
- ദരിദ്രരുടെ യാതനകൾ
- പ്രിയപ്പെട്ടവരുടെ വേർപാടിന്റെ വേദന
- ചിത്രത്തിൽ നിന്നും കഥ
- ശില്പത്തിൽ നിന്നു കവിത
- ആവിഷ്കാരത്തിലെ മനോഹാരിത
- ലഹരി വരുത്തി വയ്ക്കുന്ന ദോഷങ്ങൾ
- വിധ്വംസകരെപോലും മഹത്വവൽക്കരിക്കുന്ന ദുഷ്പ്രവണത.